നക്ഷത്രചിഹ്നമിടാത്ത 1682, 1683, 1684, 1685, 1686, 1687, 1688, 1689, 1690, 1692, 1693, 1694, 1695, 1696, 1698, 1699, 1700, 1703, 1704, 1705, 1706, 1707, 1708, 1709, 1711, 1712, 1713, 1714, 1715, 1716, 1717, 1718, 1719, 1720, 1721, 1722, 1723, 1724, 1725, 1726, 1727, 1728, 1729, 1730, 1731, 1732, 1733, 1734, 1735, 1736, 1737, 1738, 1739, 1740, 1741, 1742, 1743, 1744, 1745, 1746, 1747, 1748, 1749, 1750, 1751, 1752, 1753, 1754, 1755, 1756, 1757, 1758, 1759, 1760, 1761, 1762, 1763, 1764, 1765, 1766, 1767, 1768, 1769, 1770, 1771, 1772, 1773, 1774, 1775, 1776, 1777, 1778, 1779, 1780, 1781, 1782, 1783, 1784, 1785, 1786, 1787, 1788, 1789, 1790, 1791, 1792, 1793, 1794, 1795, 1796, 1797, 1798, 1799, 1800, 1801, 1802, 1829, 1830, 1855 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.

II അടിയന്തിര പ്രമേയം

കാർഷികോല്പന്നങ്ങളുടെ വിലയിടിവ്

മി. സ്പീക്കർ : ഓർഡർ, ഓർഡർ, നെല്ല്, നാളികേരം, റബ്ബർ, കാപ്പി, തേയില, കുരുമുളക് തുടങ്ങിയ കാർഷികോൽപ്പന്നങ്ങളുടെ അടിക്കടിയുള്ള വിലയിടിവ് നിമിത്തം സംസ്ഥാനത്തെ കർഷകർ നേരിടുന്ന സാമ്പത്തികപ്രതിസന്ധിയേയും പരിഹാര നടപടികളേയുംകുറിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ. കെ. എം. മാണി, പി. കെ. കുഞ്ഞാലിക്കുട്ടി, ആര്യാടൻ മുഹമ്മദ്, ജോണി നെല്ലൂർ, പ്രൊഫ. എ. വി. താമരാക്ഷൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് ചെയറിന് ഒരു നോട്ടീസ് നൽകിയിട്ടുണ്ട്. 9.30 A.M.]

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, ഈ വിഷയം ഈ സഭയിൽ എത്രയോ തവണ ചർച്ച ചെയ്തതാണ്. ബഹുമാന്യനായ സി. കെ. രാജേന്ദ്രന്റെ ശ്രദ്ധക്ഷണിക്കൽ പ്രമേയം ഈ വിഷയത്തെക്കുറിച്ച് തന്നെയായിരുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ സഭയിൽ മറുപടി പറഞ്ഞതാണ്. ബഹുമാന്യനായ സി. കെ. രാജേന്ദ്രൻ ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ തന്നെയാണ് ശ്രദ്ധക്ഷണിക്കൽ പ്രമേയമായി കൊണ്ടുവന്നത്. അതും ഈ സഭയിൽ ചർച്ച ചെയ്തതാണ്. ബഹുമാന്യനായ സത്യൻ മൊകേരിയും ഇതുമായി ബന്ധപ്പെട്ട വിഷയങ്ങൾ തന്നെയാണ് അവതരിപ്പിച്ചത്. ഇത് സബ്മിഷനായിട്ട് അങ്ങ് അനുവദിച്ചു. ഗവർണ്ണറുടെ നന്ദിപ്രമേയത്തിൻമേൽ നടന്ന ചർച്ചയിലും ബഡ്ജറ്റ് ചർച്ചയിലും സപ്ലിമെന്ററി ഡിമാന്റിന്റെ ചർച്ചയിലും ഇന്നലെ വോട്ട് ഓൺ അക്കൗണ്ടിന്റെ ചർച്ച ഉപസംഹരിച്ചുകൊണ്ട് ബഹുമാന്യനായ പ്രതിപക്ഷനേതാവ് പ്രസംഗിച്ചപ്പോഴും ഈ വിഷയങ്ങൾ തന്നെയാണ് ഇവിടെ ഏറെ ചർച്ചചെയ്തത്. ഈ സഭയിൽ ഇരുഭാഗത്തിൽപ്പെട്ടവരും ഈ പ്രശ്നങ്ങളുടെ കാര്യകാരണ സഹിതം ചർച്ചയിൽ ഉന്നയിക്കപ്പെട്ടതാണ്. അതുകൊണ്ടുതന്നെ അന്നു പറഞ്ഞ പ്രശ്നങ്ങളും കാര്യങ്ങളും തന്നെയാണ്

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിനുവേണ്ടി ഇവിടെ ഈ സഭയിൽ എനിക്ക് പറയാനുള്ളത്. ലോക വാണിജ്യ കരാർ വ്യവസ്ഥകൾ അനുസരിച്ച് ഇൻഡ്യൻ വിപണിയിലെ എല്ലാ അളവ് നിയന്ത്രണങ്ങളും എടുത്തുകളയുകയാണ്. അതിന്റെ ഫലമായി 2000-2001 ഏപ്രിൽ 1-ന് 715 ഇനങ്ങൾ നമ്മുടെ കമ്പോളത്തിൽ വന്നു. 2001 ഏപ്രിൽ ഒന്നു മുതൽ 715-ൽ അധികം ഇനങ്ങൾ വീണ്ടും നമ്മുടെ മാർക്കറ്റിൽ വരികയാണ്. നിയന്ത്രണങ്ങളില്ലാതെയാണ് ഇങ്ങനെ വരുന്നത്. അതിന്റെ ഫലമായി ഈ നിയന്ത്രണങ്ങൾ എടുത്തു കളയുന്നതിനു മുൻപുതന്നെ വിദേശത്തുനിന്ന് കാർഷികോൽപ്പന്നങ്ങളും മറ്റ് ഉൽപ്പന്നങ്ങളും യഥേഷ്ടം നമ്മുടെ രാജ്യത്ത് ഇറക്കുമതി ചെയ്യാനും ഡമ്പ് ചെയ്യാനും കഴിയും. വ്യാപാരികൾക്കും വ്യവസായികൾക്കും ഒക്കെ അവസരം പ്രദാനം ചെയ്യുന്നതാണ് ഈ കരാർ. അതിന്റെ ഫലമായാണ് നമ്മുടെ കാർഷികോൽപ്പന്നങ്ങളുടെ വില കുറഞ്ഞു പോകുന്നതിന് കാരണമായത്. നമ്മുടെ സംസ്ഥാനം പ്രധാനമായിട്ടും കാർഷിക-വാണിജ്യമേഖലകളുമായി ബന്ധപ്പെട്ടതാണ്. കൃഷി ഭൂമിയുടെ 82 ശതമാനത്തിലധികം വാണിജ്യ വിളകളാണ് കൃഷിചെയ്യുന്നത്. കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക നയവും അതിനെത്തുടർന്നുള്ള നടപടികളും ഏറ്റവും കൂടുതൽ ബാധിക്കുന്നത് കേരളത്തിന്റെ കാർഷിക മേഖലയെയാണ്, കൃഷിക്കാരെയാണ്. നമ്മുടെ കാർഷിക സമ്പദ് ഘടനയെയാണ്; കേന്ദ്ര ഗവൺമെന്റിന്റെ സാമ്പത്തിക നയത്തിന്റെ ഫലമായിട്ടുണ്ടാകുന്ന ഇത്തരം തകർച്ചകളെ ഒരു സംസ്ഥാന ഗവൺമെന്റിനും പരിഹരിക്കാൻ കഴിയുകയില്ല. സംസ്ഥാന ഗവൺമെന്റ് വിചാരിച്ചാൽ അതിനൊന്നും പരിഹാരം കാണാൻ കഴിയുകയില്ല. ഏതെങ്കിലും ഒരു സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിന്റെ ഇത്തരം സാമ്പത്തിക നയത്തിന്റെ ഫലമായി ഉണ്ടാകുന്ന വിനകൾ പരിഹരിക്കാനായി ശ്രമിച്ചിട്ടുള്ളതായി കേരളത്തിന് അറിയുകയില്ല. ശ്രീ. കെ. എം. മാണി ഈ വിഷയം അവതരിപ്പിച്ചതിനുശേഷം എനിക്ക് സംസാരിക്കാൻ അവസരം കിട്ടുമ്പോൾ ഞാൻ പറയാം. അതിന്റെ കണക്കുകൾ ഞങ്ങളുടെ കൈവശമുണ്ട്. സംസ്ഥാന ഗവൺമെന്റ് അതിന്റെ പരിമിതികൾക്ക് ഉള്ളിൽനിന്നുകൊണ്ട് കേരളത്തിലെ കൃഷിക്കാരെ സംരക്ഷിക്കാൻ പരമാവധി ശ്രമിച്ചിട്ടുണ്ട്. പതിനയ്യായിരം ടൺ റബ്ബർ വിദേശത്തേയ്ക്ക് കയറ്റി അയയ്ക്കണമെന്ന് ഈ ഗവൺമെന്റ് ചർച്ച ചെയ്ത് തീരുമാനിച്ചു. ഏകദേശം പതിനയ്യായിരം ടൺ റബ്ബർ വിദേശത്തേയ്ക്ക് അയച്ചിരിക്കുന്നു. വീണ്ടും അൻപതിനായിരം ടൺ ഷീറ്റും ക്രമ്പ് റബ്ബറും കയറ്റി അയയ്ക്കാൻവേണ്ടി ഗവൺമെന്റ് തീരുമാനമെടുത്ത് ബന്ധപ്പെട്ട ഏജൻസികളുമായി ചർച്ച ചെയ്തു. ആ ഏജൻസികൾ വിദേശ കമ്പോളത്തിൽ റബ്ബർ കയറ്റി അയയ്ക്കാനുള്ള ശ്രമങ്ങൾനടത്തിവരികയാണ്. വിവിധ ഏജൻസികൾ വഴി ഓരോ വർഷവും മാർക്കറ്റിൽ റബ്ബറിന്റെ ഒരു ഭാഗം ശേഖരിക്കാൻ വേണ്ടിയുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്, അതിന് മാർക്കറ്റ് വിലയേക്കാൾ 50 പൈസ അധികം കൊടുത്താണ് ശേഖരിക്കുന്നത്. അതുപോലെ തന്നെ ഒരു കിലോഗ്രാമിന് 50 പൈസ കൈകാര്യചെലവുകൂടി കൊടുക്കുന്നുണ്ട്. ഒരു കിലോ റബ്ബർ ശേഖരിക്കാൻ ഒരു രൂപ അധികം കൊടുത്തു കൊണ്ടാണ് ഇപ്പോൾ നടപടി സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. വിവിധ ഏജൻസികൾ റബ്ബർ

LIBRARY ARCHIVES Kerala Legislative Assembly

ശേഖരിച്ചുവരികയാണ്. അതുപോലെതന്നെ ലാറ്റക്സ് ഉൽപ്പാദിപ്പിക്കുന്ന മൂന്ന് പൊതുമേഖലാ സ്ഥാപനങ്ങളുണ്ട്. അവർ ഉൽപ്പാദിപ്പിക്കുന്ന ലാറ്റക്സിന്റെ ഇരുപത്തിയഞ്ച് ശതമാനവും കയറ്റുമതി ചെയ്യാനായി അവർക്ക് അനുമതി കൊടുത്തിട്ടുണ്ട്. ഈ മൂന്ന് ഏജൻസികളും ഇതിനകംതന്നെ വിദേശത്തേയ്ക്ക് ലാറ്റക്സ് കയറ്റി അയയ്ക്കാനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു. മറ്റ് രണ്ട് ഏജൻസികൾ കൂടുതൽ റബ്ബർ കയറ്റി അയയ്ക്കാനുള്ള ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. കൊപ്ര സംഭരിക്കുന്നതിനുള്ള ആത്മാർത്ഥമായ സമീപനം ഗവൺമെന്റ് സ്വീകരിക്കുകയുണ്ടായി. ഇതിനകം തന്നെ എൺപത്തി മൂവായിരം മെട്രിക് ടൺ കൊപ്ര ശേഖരിച്ചു കഴിഞ്ഞിട്ടുണ്ട്. മുണ്ടകൻ, പുഞ്ച സീസണുകളിൽ അതാതു ജില്ലകളിലെ കൃഷിക്കാരുടെ പ്രതിനിധികൾ, നെല്ല് ശേഖരിക്കുന്ന ഏജൻസികളുടെ പ്രതിനിധികൾ, കൃഷി വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ ചേർന്ന് നെല്ലിന് ഓരോ സീസണിലും വില നിശ്ചയിക്കുകയും ഏജൻസികൾ അത് ശേഖരിക്കുകയും വേണം. അങ്ങനെ ശേഖരിക്കുമ്പോൾ ഒരു ക്വിന്റൽ നെല്ലിന് കൃഷിക്കാർക്ക് ഗവൺമെന്റ് 40 രൂപ ഹാന്റലിംഗ് ചാർജ് കൊടുക്കും. നെല്ല് ശേഖരിക്കുന്ന ഏജൻസിക്ക് 20 രൂപ കൊടുക്കും. അങ്ങനെ ഒരു ക്വിന്റൽ നെല്ലിന് 60 രൂപ കൊടുക്കാൻ ഗവൺമെന്റ് സന്നദ്ധമാവുകയും നടപടികൾ സ്വീകരിച്ചുവരികയുമാണ്. പാലക്കാട്, തൃശ്ശൂർ, കുട്ടനാട് തുടങ്ങിയ മേഖലകളിലും നെല്ല് സംഭരണം ആരംഭിച്ചിട്ടുണ്ട്. മറ്റ് കാർഷികോല്പന്നങ്ങളുടെ കാര്യവും ഇതുതന്നെയാണ്. ഇപ്പോൾ അടയ്ക്കയുടെ വില കുറഞ്ഞു. അടയ്ക്ക ഇറക്കുമതി ചെയ്യാനായി എല്ലാ സൗകര്യങ്ങളും ചെയ്തു കൊടുത്തതിന്റെ ഫലമായി ഇനി ഒരു വർഷം കൂടി വിറ്റ് തീരാത്തത്രയും കൊട്ടടയ്ക്കയും, കളിയടയ്ക്കയും വിദേശ രാജ്യങ്ങളിൽനിന്ന് ഇൻഡ്യയിലെ വ്യാപാരികൾ, വ്യവസായികൾ ഇറക്കുമതിചെയ്ത് സൂക്ഷിച്ച് വച്ചിരിക്കുകയാണ്. അതുകൊണ്ട് അടയ്ക്കാ കൃഷിക്കാരന്റെ അടയ്ക്കയുടെ വില കുറഞ്ഞുവരികയാണ്. സംസ്ഥാന ഗവൺമെന്റിന് ചെയ്യാൻകഴിയാവുന്ന പരമാവധി കാര്യങ്ങൾ ഇക്കാര്യത്തിൽ ചെയ്തിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റ് ചെയ്യേണ്ട കാര്യങ്ങൾ അതാത് സമയത്തുതന്നെ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരാനും നിവേദനങ്ങൾ സമർപ്പിക്കാനും കേന്ദ്ര ഗവൺമെന്റ് ഈ നടപടി സ്വീകരിക്കുന്നതിന് സംസ്ഥാന ഗവൺമെന്റിന് ചെയ്യാൻ കഴിയാവുന്ന സമ്മർദ്ദങ്ങൾ ചെലുത്താനും എം.പി. മാർ വഴി ഇക്കാര്യം പാർലമെന്റിൽ ഉന്നയിക്കാനും കേന്ദ്ര ഗവൺമെന്റിനെ ബോദ്ധ്യപ്പെടുത്താനും സംസ്ഥാന ഗവൺമെന്റിന് ചെയ്യാവുന്നിടത്തോളം കാര്യങ്ങൾ മുഴുവൻ പ്രാവർത്തികമാക്കിയിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റിന് ഇതിനപ്പുറം ചെയ്യാൻ കഴിയില്ല. ഈ പ്രശ്നങ്ങളൊക്കെ ഉള്ളതുകൊണ്ടാണ് ഈ സഭയിൽ എല്ലാ ദിവസങ്ങളിലും ഇതു സംബന്ധിച്ച് ചർച്ച വന്നിട്ടുള്ളത്. അതുകൊണ്ട് സഭ നിർത്തിവച്ച് ഇക്കാര്യം ചർച്ചചെയ്യേണ്ട ആവശ്യമില്ല. എല്ലാ പ്രാവശ്യവും ചർച്ച ചെയ്തതാണ്. വേണ്ടുവോളം സമയമെടുത്ത് ചർച്ച ചെയ്തിട്ടുള്ളതാണ്. ഇനിയും ഈ വിഷയം

LIBRARY ARCHIVES Kerala Legislative Assembly

പത്താം നിയമസഭയുടെ അവസാന ദിവസമായ ഇന്ന് മാത്രം ചർച്ച ചെയ്താൽ മതിയാവില്ല. പതിനൊന്നാം നിയമസഭ ചേരുമ്പോൾ ഈ വിഷയം ചർച്ച ചെയ്യേണ്ടിവരും. നിരന്തരമായി ചർച്ച ചെയ്യപ്പെടേണ്ട ഒരു വിഷയമാണ് ഇത് എന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം. ഇതാണ് ഗവൺമെന്റിന് വേണ്ടി സഭ മുൻപാകെ എനിക്ക് പറയാനുള്ളത്.

ശ്രീ. കെ. എം. മാണി : കൃഷിവകുപ്പുമന്ത്രി പറഞ്ഞു, ഈ വിഷയം അടുത്ത നിയമസഭയിലും ചർച്ച ചെയ്യണം, കൃഷിക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാവില്ല, ഗവൺമെന്റ് നിസ്സഹായയാണ് എന്ന്. ഈ ഒരു അവസ്ഥ മാറേണ്ടിയിരിക്കുന്നു. സംസ്ഥാന ഗവൺമെന്റ് കാണിക്കുന്ന ഈ നിസ്സഹായത വാസ്തവത്തിൽ പറഞ്ഞാൽ കൃഷിക്കാർക്ക് മനസ്സിലാക്കാൻ കഴിയുന്നില്ല. ഇത് വളരെ ലഘുവായിട്ടല്ലേ ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ കണ്ടത് ? ഈ സഭയിൽ എത്രയോ തവണ ചോദ്യങ്ങളായും ചർച്ചകളായും ഈ വിഷയം വന്നിട്ട് ശരിയായി ഈ പ്രശ്നത്തെ കാണുവാനോ, ശരിയായ ഉത്തരം ഈ നിയമസഭയ്ക്ക് നൽകാനോ ശരിയായ നടപടികൾ സ്വീകരിക്കാനോ നിങ്ങൾക്ക് കഴിഞ്ഞോ ? കേന്ദ്രത്തിന് കഴിഞ്ഞില്ല, നിങ്ങൾക്ക് കഴിഞ്ഞില്ല. ഞങ്ങൾ ആരോട് ചോദിക്കണം ? ശ്രീ. വാജ്പേയിയോട് ചോദിക്കാനുള്ളത് അദ്ദേഹത്തോട് ചോദിക്കാം. സംസ്ഥാന ഗവൺമെന്റിനോട് ചോദിക്കാനുള്ളത് സംസ്ഥാന ഗവൺമെന്റിനോട് ചോദിക്കാം. 22-2-2001-ലെ നക്ഷത്രചിഹ്നമിട്ട 72-ാം നമ്പർ ചോദ്യത്തിന് ഉത്തരമായി ഗവൺമെന്റ് പറഞ്ഞത് നാളീകേരത്തിന് വില കുറഞ്ഞതുകൊണ്ട് 2958 കോടി രൂപ നഷ്ടപ്പെട്ടു. റബ്ബറിന്റെ വില കുറഞ്ഞതുകൊണ്ട് 1432 കോടി രൂപ നഷ്ടപ്പെട്ടു, കുരുമുളകിന് 695 കോടി രൂപ നഷ്ടപ്പെട്ടു, അടയ്ക്കായ്ക്ക് 924 കോടി രൂപ നഷ്ടപ്പെട്ടു, കാപ്പിക്ക് 388 കോടി രൂപ നഷ്ടപ്പെട്ടു, തേയിലയ്ക്ക് 178 കോടി രൂപ നഷ്ടപ്പെട്ടു. ഏലത്തിന് 70 കോടി രൂപ നഷ്ടപ്പെട്ടു എന്നാണ്. കാർഷികോല്പന്നങ്ങളുടെ വിലയിടിവുമൂലം 6645 കോടി രൂപയുടെ നഷ്ടമാണ് നമ്മുടെ സംസ്ഥാനത്തിന് ഉണ്ടായത്. ഇതൊരു ഭീമമായ സംഖ്യയല്ലേ ? ഇതുമായി ബന്ധപ്പെട്ട് നമ്മുടെ സംസ്ഥാനത്തെ എല്ലാ ബിസിനസ്സ് ആക്റ്റിവിറ്റിയും, സമസ്ത മേഖലകളും തകർന്നിരിക്കുന്നു, തളർന്നിരിക്കുന്നു. ബിസിനസ്സ് ആക്റ്റിവിറ്റീസ് മുഴുവൻ നിന്നിരിക്കുന്നു. സംസ്ഥാന ഗവൺമെന്റിന് പതിനയ്യായിരം കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ട് ഇത് വളരെ ലാഘവബുദ്ധിയോടുകൂടി ഈ ഗവൺമെന്റ് കാണുന്നു എന്നുള്ളത് വലിയ സങ്കടമാണ്. കേന്ദ്രം ഭരിക്കുന്ന വാജ്പേയി ഗവൺമെന്റും സംസ്ഥാനം ഭരിക്കുന്ന നായനാർ ഗവൺമെന്റുമാണ് ഇതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടത്. അല്ലാതെ ആര് ഇതിന് ഉത്തരവാദിത്വം ഏറ്റെടുക്കും ? നിങ്ങൾ രണ്ട് പേരുടേയും നയവൈകല്യങ്ങളാണ്, നടപടി പിശകുകളാണ് ഇതിന് കാരണം. നിങ്ങൾ രണ്ട് പേരുടേയും ആത്മാർത്ഥതയില്ലായ്മയല്ലേ കേരളത്തിലെ കർഷകരെ വലയ്ക്കുന്നത് എന്ന് വളരെ വിനയപൂർവ്വം ഞാൻ ശ്രീ. കൃഷ്ണൻ കണിയാംപറമ്പിലിനോട് ചോദിക്കുകയാണ്. ആദ്യം വാജ്പേയി ഗവൺമെന്റ് ചെയ്യേണ്ടത് എന്താണ്? അവർ എന്ത് ചെയ്തില്ല എന്നുള്ളതിലേക്ക് ഞാൻ ആദ്യം കടക്കട്ടെ. കേന്ദ്ര ഗവൺമെന്റിന്റെ ഇറക്കുമതി നയം. അങ്ങ് പറഞ്ഞതുപോലെ ക്വാന്റിറ്റേറ്റീവ്

LIBRARY ARCHIVES Kerala Legislative Assembly

റെസ്ട്രിക്ഷൻസ് മുഴുവൻ ഈ ഒന്നാം തീയതിയോടെ മാറ്റുകയാണ്. നമുക്ക് വളരെ ബുദ്ധിമുട്ട് ഉണ്ടാകാൻ പോവുകയാണ്. സെൻട്രൽ ബഡ്ജറ്റ് അവതരിപ്പിച്ചപ്പോൾ, ചില നടപടികൾ കേന്ദ്ര ധനകാര്യമന്ത്രി ശ്രീ. യശ്വന്ത് സിൻഹ പ്രഖ്യാപിക്കുകയുണ്ടായി. നമുക്ക് ഒരു കാര്യം അറിയാം. ഇറക്കുമതി ഉദാരമാക്കാൻ തീരുമാനിച്ചിരിക്കുകയാണ്. ഇറക്കുമതി ഉദാരമായി വരുമ്പോൾ നമ്മുടെ കൈയ്യിൽ ഒരു ആയുധമുണ്ട്. ഇറക്കുമതി ഉദാരമാകുമ്പോൾ വേൾഡ് ട്രേഡ് ഓർഗനൈസേഷൻ അനുവദിച്ചിരിക്കുന്ന പരമാവധി ഇറക്കുമതി ചുങ്കം നമുക്ക് കൂട്ടിവയ്ക്കണം. ഇറക്കുമതി ചുങ്കം ചുമത്താം. പക്ഷേ നമ്മുടെ ഇറക്കുമതി ചുങ്കങ്ങൾ താഴ്ന്നിരിക്കുന്നു. നമ്മുടെ ഇറക്കുമതി ചുങ്കം ഡബ്ല്യു.റ്റി.ഒ. അനുവദിക്കുന്ന പെർമിസിബിൾ ലിമിറ്റായ പരമാവധി റേറ്റിലേക്ക് ഉയർത്തണമെന്നുള്ളതാണ് കേരളത്തിന്റെ നില. ഭക്ഷ്യ എണ്ണയെ സംബന്ധിച്ചിടത്തോളം ഇറക്കുമതി ചുങ്കം 70 ശതമാനത്തിലേക്ക് ഉയർത്തുമെന്ന് ശ്രീ.യശ്വന്ത് സിൻഹ വളരെ ഉദാരമായി പറയുകയുണ്ടായി. 300 ശതമാനമായി ഭക്ഷ്യ എണ്ണയുടെ ഇറക്കുമതി ചുങ്കം നമുക്ക് ഉയർത്താം. അതിന്റെ സ്ഥാനത്ത് 70 ശതമാനം ഉയർത്തിയതുകൊണ്ട് എന്ത് കാര്യം? നമ്മുടെ അഭിപ്രായം ഇറക്കുമതി ചുങ്കം 70 ശതമാനത്തിൽനിന്ന് നൂറോ നൂറ്റിയമ്പതോ മുന്നൂറോ ശതമാനം വരെ പോകാം എന്നാണ്. കൂടുതൽ ശതമാനത്തിലേയ്ക്ക് ഉയർത്തണം. ഭക്ഷ്യ എണ്ണയുടെ ഇറക്കുമതി ചുങ്കം ഉയർത്തുന്നത് കേരളത്തിലെ നാളീകേര കൃഷിയെ സംരക്ഷിക്കാൻ ഏറ്റവും വലിയ ആവശ്യമാണ്. ഈ ഗവൺമെന്റ് എന്ത് ചെയ്തു? ഞാൻ ശ്രീ. കൃഷ്ണൻ കണിയാംപറമ്പിലിനോട് ചോദിക്കുകയാണ്, നിങ്ങൾ കേന്ദ്രത്തിൽ പറയേണ്ടത് പറഞ്ഞു എന്ന് പറഞ്ഞു. കോക്കനട്ട് ഓയിലിന്റെ ഇറക്കുമതി ചുങ്കം, ഇപ്പോൾ ഇൻഡ്യാ ഗവൺമെന്റ് വസൂലാക്കുന്നത് 50.8 ശതമാനമാണ്. 50.8 ശതമാനത്തിൽ കിടക്കുന്ന കോക്കനട്ട് ഓയിലിന്റെ ഇറക്കുമതി ചുങ്കം 300 ശതമാനത്തിലേയ്ക്ക് ഉയർത്താം. അങ്ങനെയാണെങ്കിൽ 50.8 ശതമാനമായി നിലനിൽക്കുന്നത് തെറ്റാണ്. സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തണമായിരുന്നു. നിങ്ങൾ ഇതിനെപ്പറ്റി കോൺക്രീറ്റായിട്ടുള്ള നിർദ്ദേശങ്ങൾ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടോ? ജനറലായി പറഞ്ഞാൽ പോരാ. 50.8 ശതമാനത്തിൽ നിന്ന് 300 ശതമാനമായി കോക്കനട്ട് ഓയിലിന്റെ ഇറക്കുമതി ചുങ്കം ഉയർത്തണമെന്ന് നിങ്ങൾ ഏതെങ്കിലും ഒരു നിവേദനത്തിൽ പറഞ്ഞിട്ടുണ്ടോ? നിങ്ങൾ സെൻട്രൽ ബഡ്ജറ്റിനെതിരെ പ്രതികരിച്ചില്ലല്ലോ. സംസ്ഥാന ഗവൺമെന്റ് കേന്ദ്ര ബഡ്ജറ്റിനെപ്പറ്റി പ്രതികരിച്ചോ? പ്രതികരിക്കാൻപോലും തയ്യാറാകാത്ത ഒരു ഗവൺമെന്റല്ലേ? കോഫിയുടെ കാര്യം എടുക്കാം. ശ്രീ. യശ്വന്ത് സിൻഹയുടെ ബഡ്ജറ്റിൽ കോഫിയുടെ ഇറക്കുമതി ചുങ്കം 35 ശതമാനം എന്നത് 75 ശതമാനമാക്കി എന്ന് അദ്ദേഹം അവകാശപ്പെടുന്നു. കോഫിയെ സംബന്ധിച്ചിടത്തോളം 116 ശതമാനം വരെ ഇറക്കുമതി ചുങ്കം ഉയർത്താൻ നമുക്ക് കഴിയും. അതുപോലെ തന്നെ ശ്രീ. യശ്വന്ത് സിൻഹയുടെ ബഡ്ജറ്റിൽ തേയിലയുടേയും കാപ്പിയുടേയും ഇറക്കുമതിചുങ്കം 70 ശതമാനമാക്കി എന്ന് പറയുന്നു. അതുപോലെ തന്നെ ഇൻസ്റ്റന്റ് കോഫിക്കും ഇൻസ്റ്റന്റ് റ്റീക്കും 150 ശതമാനം വരെ ഇറക്കുമതി ചുങ്കം ഉയർത്താൻ നമുക്ക് കഴിയുന്നതാണ്. അതിന്റെ

LIBRARY ARCHIVES Kerala Legislative Assembly

അർത്ഥമെന്താണ് ? തേയിലയുടേയും കാപ്പിയുടേയും ഇറക്കുമതി ചുങ്കം പെർമിസിബിൾ ലിമിറ്റിലേയ്ക്ക് ഉയർത്താൻ നമുക്ക് കഴിഞ്ഞിട്ടില്ല. ഇന്നും നമ്മുടെ ഇറക്കുമതി ചുങ്കം വളരെ ലോ ആയിട്ട് കിടക്കുന്നു. കാപ്പി, തേയില, ഭക്ഷ്യ എണ്ണ എന്നിവയുടെ കാര്യത്തിലും ഇറക്കുമതിചുങ്കം വർദ്ധിപ്പിക്കാനുള്ള നടപടികൾ നമ്മൾ സ്വീകരിക്കേണ്ടതായിരുന്നു. കേന്ദ്ര ഗവൺമെന്റ് അത് ചെയ്തിട്ടില്ല. മറ്റൊരു കാര്യം പറയുവാനുണ്ട്. ഏലം, കുരുമുളക് എന്നിവയെപ്പറ്റി സെൻട്രൽ ബഡ്ജറ്റിൽ ഒന്നും പറഞ്ഞിട്ടില്ല. ഏലം, കുരുമുളക് എന്നിവയുടെ ചുങ്കം ഇന്ന് 44 ശതമാനമാണ്. അത് 116 ശതമാനമാക്കി ഉയർത്താൻ നമുക്ക് കഴിയും. എന്തുകൊണ്ട് സംസ്ഥാന ഗവൺമെന്റ് ഇത് മനസ്സിലാക്കുന്നില്ല ? എന്തു കൊണ്ട് സംസ്ഥാന ഗവൺമെന്റ് ഏതെങ്കിലും ഒരു മെമ്മോറാണ്ടത്തിൽ കോൺക്രീറ്റായി കേന്ദ്ര ഗവൺമെന്റിന് മുന്നിൽ കേരളത്തിലെ വാണിജ്യ വിളകളുടെ ഇറക്കുമതി ചുങ്കം വളരെ കുറവാണ്. അത് പെർമിസിബിൾ ലിമിറ്റിലേക്ക് ഉയർത്തണം എന്ന് കോൺക്രീറ്റായിട്ട് മെമ്മോറാണ്ടം കൊടുത്ത് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തി ഇറക്കുമതി ചുങ്കം ഉയർത്താൻ ശ്രമം നടത്തുന്നതിന് പകരം ഇറക്കുമതി, ഇറക്കുമതി..... എന്ന് പറഞ്ഞ് രോദനം നടത്തിയിട്ട് കാര്യമുണ്ടോ ? ഒരു പ്രതിസന്ധി ഉണ്ടായാൽ അതിൽനിന്ന് രക്ഷപ്പെടാനുള്ള നിർദ്ദേശങ്ങളാണ് നിങ്ങൾ കേന്ദ്ര ഗവൺമെന്റിന് വയ്ക്കേണ്ടത്. പക്ഷേ അങ്ങനെ നിർദ്ദേശങ്ങൾ വയ്ക്കുകയുണ്ടായില്ല. റബ്ബറിന് 25 ശതമാനമാണ് ഇന്ന് നികുതി. ഇറക്കുമതി ചുങ്കം വാസ്തവത്തിൽ നമുക്ക് നിലവിലുള്ള കരാർ അനുസരിച്ച് 40 ശതമാനത്തിലേയ്ക്ക് ഉയർത്താം. റബ്ബറിന്റെ ഇറക്കുമതി ചുങ്കം 40 ശതമാനത്തിലേയ്ക്ക് ഉയർത്താൻ നിങ്ങൾ കേന്ദ്ര ഗവൺമെന്റിൽ കോൺക്രീറ്റായ നിർദ്ദേശം വച്ചിട്ടുണ്ടോ ? ഇല്ല. അഗ്രികൾച്ചർ പട്ടികയിലേയ്ക്ക് റബ്ബർ കൊണ്ടുവന്നുഎന്നുണ്ടെങ്കിൽ 150 ശതമാനം ഉയർത്താൻ കഴിയും. പക്ഷേ അഗ്രികൾച്ചർ പട്ടികയിലേയ്ക്ക് കൊണ്ടുവന്നിട്ടില്ല. അത്പോലെതന്നെ റബ്ബറിനെ സംബന്ധിച്ച ഒരു കാര്യം ഞാൻ ബഹുമാനപ്പെട്ട കൃഷ്ണൻ കണിയാംപറമ്പിലിനോട് ചോദിക്കുകയാണ്. റബ്ബർ ആക്ട് 13-ാം വകുപ്പനുസരിച്ച് റബ്ബറിന് മിനിമം സപ്പോർട്ട് പ്രൈസാണ് നിശ്ചയിക്കേണ്ടത്. റബ്ബർ ആക്ട് 13-ാം വകുപ്പനുസരിച്ച് മിനിമം സപ്പോർട്ട് പ്രൈസ് നിശ്ചയിക്കണമെന്ന് നിങ്ങൾ ഏതെങ്കിലും മെമ്മോറാണ്ടത്തിൽ കേന്ദ്രത്തോട് സ്പെസിഫിക്കായി പറഞ്ഞിട്ടുണ്ടോ ? സ്പെസിഫിക്കായി കേന്ദ്രത്തോട് പറയേണ്ടത് പറയാതെ, സ്പെസിഫിക്കായി ചെയ്യേണ്ടത് ചെയ്യിപ്പിക്കാൻവേണ്ടി കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്തേണ്ടതിന് പകരം കേന്ദ്രം, കേന്ദ്രം എന്ന് പറഞ്ഞ് രക്ഷപ്പെടുന്നത് കൊണ്ട് വല്ല കാര്യവുമുണ്ടോ ? സംസ്ഥാന ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം കേന്ദ്ര ഗവൺമെന്റിനെക്കൊണ്ട് ചെയ്യിപ്പിക്കേണ്ട കാര്യങ്ങൾ ചെയ്യിപ്പിക്കണം. ശ്രീലങ്കൻ കരാറിനെക്കുറിച്ച് ഇന്ന് ശ്രീ. എ. കെ. ആന്റണി പറഞ്ഞു. മാലിയിൽ വച്ച് നടന്ന കോൺഫറസിൽ വച്ചാണ് സാർക്ക് സോൺ രൂപീകരണത്തെ സംബന്ധിച്ച് ശ്രീ. ഐ. കെ. ഗുജറാൾ നയപരമായ തീരുമാനമെടുത്തതെന്ന് പറയുകയുണ്ടായി. അതിനെത്തുടർന്നാണ് ശ്രീലങ്കൻ കർാർ വന്നത്. ശ്രീലങ്കൻ കരാറിന്റെ ഉത്തരവാദിത്വത്തിൽനിന്നും ബഹുമാനപ്പെട്ട കൃഷ്ണൻ കണിയാംപറമ്പിലിന്റെ പാർട്ടിക്കോ ഇടതുപക്ഷങ്ങൾക്കോ

LIBRARY ARCHIVES Kerala Legislative Assembly

രക്ഷപ്പെടാൻ കഴിയുകയില്ല. നിങ്ങൾക്ക് അതിൽ ഉത്തരവാദിത്വമുണ്ട്. ഇന്ന് ശ്രീലങ്കയിൽ നിന്ന് തേയില ഇങ്ങോട്ട് പ്രവഹിക്കുകയാണ്. ശ്രീലങ്കൻ കരാറിൽ തേയിലയെപ്പറ്റി പറഞ്ഞിരിക്കുന്നത് എന്താണ്? ഇറക്കുമതി ചുങ്കത്തിൽ ഒന്ന് പകുതി കുറച്ച് ഇറക്കുമതി ചെയ്യാൻ സാംഗ്ഷൻ കൊടുത്തു. നിലവിലുള്ളതിന്റെ 50 ശതമാനം ചുങ്കം കുറച്ച് ശ്രീലങ്കയിൽനിന്നും ഇൻഡ്യയിലേയ്ക്ക് തേയില ഇറക്കുമതി ചെയ്യാനുള്ള കരാർ അനുവദിക്കുകയാണ്. അതുകൊണ്ട് തേയില ഇങ്ങോട്ട് ഡമ്പ് ചെയ്യപ്പെടുന്നു. നമ്മുടെ ആഭ്യന്തര തേയിലയുടെ വിലയിടിയുന്നു. പക്ഷേ അതിലൊരു വകുപ്പുണ്ട് 8 (8) (1). ആ വകുപ്പിൽ പറയുന്നത്, ഇറക്കുമതിയുടെ ഫലമായി നമ്മുടെ ആഭ്യന്തര സംരംഭങ്ങൾക്ക് സീരിയസായിട്ട് ഡെയിഞ്ചർ ഉണ്ടാക്കുന്നുവെങ്കിൽ ഇൻഡ്യാ ഗവൺമെന്റിന് ഏകപക്ഷീയമായി ഈ കരാർ സസ്പെൻഡ് ചെയ്യാം എന്നാണ്. തേയിലയെ സംബന്ധിച്ച് ഉണ്ടാക്കിയിരിക്കുന്ന ഇൻഡോ-ശ്രീലങ്കൻ കരാർ 8-ാം ക്ലാസ് അനുസരിച്ച് സസ്പെൻഡ് ചെയ്യണമെന്ന് നിങ്ങൾ ഏതെങ്കിലും മെമ്മോറാണ്ടത്തിൽ ആവശ്യപ്പെട്ടിട്ടുണ്ടോ? സ്പെസിഫിക്കായി യാതൊരു കാര്യവും കേന്ദ്രഗവൺമെന്റിനോട് പറയാതെ, കേന്ദ്രഗവൺമെന്റിനെക്കൊണ്ട് ചെയ്യിപ്പിക്കാതെ നിങ്ങൾ എടുത്തിരിക്കുന്ന നിസംഗത വാസ്തവത്തിൽ ഇവിടത്തെ കാർഷിക മേഖലയെ വളരെയധികം വിഷമിപ്പിച്ചിരിക്കുകയാണ്. നെല്ലിനെ സംബന്ധിച്ച് പറഞ്ഞു. ബഹുമാനപ്പെട്ട കൃഷ്ണൻ കണിയാംപറമ്പിൽ നെല്ല് സംഭരണം തുടങ്ങിയിരിക്കുന്നു. ഞാൻ അങ്ങയെ വെല്ലുവിളിക്കുകയാണ്. കുട്ടനാട്ടിൽ നെല്ല് സംഭരണം നടക്കുന്നില്ല. കുട്ടനാട്ടിൽ നെല്ല് സംഭരണം നടന്നില്ല. നെല്ല് സംഭരണം നടക്കാതെ നടന്നുവെന്ന് നിങ്ങൾ ഈ നിയമസഭയിൽ പറയുന്നുവെങ്കിൽ നിങ്ങൾക്ക് എത്ര വലിയ ചങ്കൂറ്റമാണ്. നെല്ലിന് ഈ കൊല്ലം നിശ്ചയിച്ചിരിക്കുന്ന സംഭരണ വില 675 രൂപയാണ്. കൃഷിക്കാർ ആവശ്യപ്പെടുന്നത് 750 രൂപയാണ്. നിങ്ങൾ 750 രൂപയ്ക്ക് നെല്ല് സംഭരിച്ചെങ്കിൽ മാത്രമേ ഇവിടത്തെ നെൽകൃഷിക്കാരുടെ പ്രശ്നങ്ങൾക്ക് വിരാമമുണ്ടാകുകയുള്ളൂ. ഞാൻ ഇനി സ്റ്റേറ്റ് ഗവൺമെന്റിന്റെ കാര്യങ്ങളിലേയ്ക്ക് വരാം. ഞാൻ ഇതുവരെ പറഞ്ഞത് സ്റ്റേറ്റ് ഗവൺമെന്റ് കേന്ദ്ര ഗവൺമെന്റിനെക്കൊണ്ട് എടുപ്പിക്കേണ്ട നടപടികൾ എടുപ്പിച്ചില്ല എന്നാണ്. തേങ്ങയ്ക്ക് താങ്ങുവില നൽകി 73,000 ടൺ കൊപ്ര സംഭരിച്ചുവെന്ന് ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ പറഞ്ഞു. ഞാൻ ഒന്നു പറയട്ടെ, രണ്ടരലക്ഷം ടൺ കൊപ്ര ആഭ്യന്തര ഉൽപ്പാദനമുണ്ട്. രണ്ടരലക്ഷം ടൺ കൊപ്ര സംഭരിക്കാനുള്ളപ്പോൾ നിങ്ങൾ 73,000 ടൺ കൊപ്ര സംഭരിച്ചു. അത് എന്ത് ഇംപാക്ടാണ്? കൊപ്രയുടെ സംഭരണത്തിൽ കാര്യമായ പുരോഗതിയില്ല. സംഭരിച്ച കൊപ്ര മുഴുവൻ ഇടത്തട്ടുകാർ കൊണ്ടു പോകുകയാണ് ചെയ്തത്. 2150 രൂപയ്ക്ക് തേങ്ങ വാങ്ങി 3250 രൂപയ്ക്ക് വിറ്റ് ക്വിന്റലിന് 1100 രൂപ ലാഭമെടുത്തു. കോടിക്കണക്കിന് രൂപയുടെ കൊള്ളലാഭമെടുക്കാൻ നിങ്ങൾ കൂട്ടുനിന്നു. അതുകൊണ്ട് ആർക്കും പ്രയോജനം കിട്ടിയില്ല; കൃഷിക്കാർക്ക് പ്രയോജനം കിട്ടിയില്ല. ഇടത്തട്ടുകാർ പ്രയോജനം കൊണ്ടുപോയി. അപ്പോൾ ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ ഒരു പ്രഖ്യാപനം നടത്തി. അതായത് പച്ചതേങ്ങ സംഭരിക്കുമെന്ന് അങ്ങ് പറഞ്ഞു. എവിടെ പച്ചതേങ്ങ സംഭരിച്ചു? നിയമസഭയോട് പറയണം. പച്ചതേങ്ങ

LIBRARY ARCHIVES Kerala Legislative Assembly

സംഭരിക്കാൻ കഴിയുകയില്ല. റബ്ബറിനെ സംബന്ധിച്ചടത്തോളം 1,70,000 ലക്ഷം ടൺ റബ്ബർ കെട്ടിക്കിടക്കുകയാണ്. 4-2-2001-ൽ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയുടെ നിയോജകമണ്ഡലത്തിലെ ഒരു ഫാക്ടറി ഉൽഘാടനം ചെയ്തുകൊണ്ട് പറഞ്ഞു നാളിതുവരെയായി, അതായത് അഞ്ചുവർഷംകൊണ്ട് 65123 ടൺ റബ്ബർ പർചേയ്സ് ചെയ്തുവെന്ന്. 5 വർഷംകൊണ്ട് 65,000 ടൺ റബ്ബർ പർചേയ്സ് ചെയ്ത ഒരു ഗവൺമെന്റാണിത്. 1.7 ലക്ഷം ടൺ മിച്ച റബ്ബർ മാർക്കറ്റിൽ കെട്ടിക്കിടക്കുമ്പോൾ ഒച്ച് ഇഴയുന്നതുപോലുള്ള നിങ്ങളുടെ റബ്ബർ പ്രൊക്യൂവർമെന്റ് കൊണ്ട് വല്ല പ്രയോജനവും കിട്ടിയോ ? 1999-2000-ൽ 2430 ടൺ റബ്ബർ ആണ് സംഭരിച്ചത്. റബ്കോ 13554 ടൺ സംഭരിച്ചു. 2000-2001 -ൽ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ 21133 ടൺ റബ്ബർ സംഭരിച്ചു ; റബ്കോ 20,000 ടൺ സംഭരിച്ചു. സംഭരണത്തിലെ ഒരു വൈപുല്യം ഞാൻ പറയുകയാണ്. ഇവിടെ മിച്ചമുള്ള റബ്ബർ മുഴുവൻ നിങ്ങൾ ഭീമമായ തോതിൽ സംഭരിക്കുകയാണ് വേണ്ടിയിരുന്നത്. മിച്ചമുള്ള റബ്ബർ മുഴുവൻ സംഭരിക്കാതെ കുറച്ചു മാത്രം സംഭരിച്ചതുകൊണ്ട് അതിന്റെ ഇംപാക്ട് ഉണ്ടായില്ല. ഒരു കിലോഗ്രാമിന് 50 പൈസ നഷ്ടം സഹിക്കുന്നത് ശരി ; 50 പൈസ ഹാന്റിലിംഗ് ചാർജ്ജ് ശരി. ഒരു കിലോഗ്രാമിന് ഒരു രൂപ നഷ്ടം സഹിക്കുന്നത് ശരിയാണ്. അതുകൊണ്ട് എത്ര രൂപയാണ് നഷ്ടം ? ഒരു ടണ്ണിന് ആയിരം രൂപയുടെ നഷ്ടമാണ്. ഗവൺമെന്റിന് എന്ത് നഷ്ടമുണ്ടായി ? ഒരു ചെറിയ നഷ്ടം മാത്രം സഹിച്ചു. ന്യായമായ വിലയ്ക്ക് ഗവൺമെന്റ് റബ്ബർ പ്രൊക്യൂവർ ചെയ്തില്ല. ന്യായമായ വിലയെന്നു പറയുന്നത് ഏതാണ് ? ബഞ്ചുമാർക്ക് പ്രൈസ് 34.05 രൂപയായി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിൽ കേന്ദ്രം ചെയ്യുമെന്ന് നോക്കിനിൽക്കാതെ നിങ്ങൾ ബഞ്ചുമാർക്ക് പ്രൈസിന് 50,000 ടൺ റബ്ബർ ഇവിടെ സംഭരിച്ചിരുന്നുവെങ്കിൽ ഇവിടെ റബ്ബറിന് വില കൂടുമായിരുന്നു. അപ്പോൾ നിങ്ങൾ കുറഞ്ഞ വിലയ്ക്ക് കുറച്ച് റബ്ബർ മാത്രം സംഭരിച്ചപ്പോൾ ഇവിടത്തെ മാർക്കറ്റിനെ അതിന് സ്വാധീനിക്കാൻ കഴിഞ്ഞില്ല. അവിടെയാണ് പ്രധാനപ്പെട്ട പ്രശ്നം. വേറൊരു കാര്യം ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി മറച്ചുവച്ചു. നിങ്ങൾ വാങ്ങുന്ന റബ്ബർ പിറ്റേ ആഴ്ച മറിച്ചുവിൽക്കുകയാണ്. സൊസൈറ്റികൾക്ക് നമ്മൾ രൂപ കൊടുത്ത് 1997-98 മുതൽ 2001 വരെ റബ്ബർ സംഭരിച്ചതിന് മാർക്കറ്റിംഗ് ഫെഡറേഷന് 6,38,11,785 രൂപ ഈ ഗവൺമെന്റ് കൊടുക്കാനുണ്ട്. അവർ പിന്നെ എങ്ങനെ റബ്ബർ സംഭരിക്കും ? അവർ സംഭരിക്കുന്ന റബ്ബർ പിറ്റേ ആഴ്ച മറിച്ചുവിൽക്കുന്നു. ഗവൺമെന്റ് സംഭരണ ഏജൻസികളെ സ്റ്റെബിലൈസ് ചെയ്തില്ല. ഇവിടെ പർചേയ്സ് ചെയ്യുന്നത് എസ്.ടി.സി. മാത്രമാണ്. അഡ്വാൻസ് പർച്ചേസിംഗ് ലൈസൻസ് അവർക്ക് മാത്രമാണുള്ളത്. ഇവിടെ കമ്പോളത്തിലുള്ള മിച്ച റബ്ബർ പർചേയ്സ് ചെയ്യുന്നില്ല. ഫാക്ടറികൾക്ക് ആവശ്യമുള്ള റബ്ബർ പർചേയ്സ് ചെയ്ത് കൊടുക്കുന്നുയെന്നുള്ളതല്ലാതെ, ഇറക്കുമതി ചെയ്യാൻ അവർക്ക് കിട്ടിയിരിക്കുന്ന അഡ്വാൻസ് ലൈസൻസിംഗിന്റെ അടിസ്ഥാനത്തിൽ അവർ എത്രമാത്രം പർചേയ്സ് ചെയ്യുന്നുവോ അത്രമാത്രം പർചേയ്സ് മാത്രമാണ് നടക്കുന്നത്. 15,000 ടൺ റബ്ബർ കയറ്റുമതി ചെയ്തുവെന്ന് ബഹുമാനപ്പെട്ട കൃഷ്ണൻ പണിയാംപറമ്പിൽ പറയുകയുണ്ടായി. അങ്ങയുടെ റൂൾ 300 അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റ് എന്റെ കൈയിലുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ആ സ്റ്റേറ്റ്മെന്റിൽ പറഞ്ഞിരിക്കുന്നത് 15,000 ടൺ റബ്ബർ കയറ്റുമതി ചെയ്യാൻ ഓർഡർ കൊടുത്തുവെന്നാണ്. എന്നാൽ 10460 ടൺ റബ്ബർ മാത്രമാണ് കയറ്റുമതി ചെയ്തത്. മല എലിയെ പ്രസവിച്ച പോലെയാണ്. കൃഷിവകുപ്പുമന്ത്രി കയറ്റുമതിയെപ്പറ്റി പറയാൻ തുടങ്ങിയിട്ട് മൂന്ന് വർഷമായി. കയറ്റുമതിയെ സംബന്ധിച്ചിടത്തോളം ഒരു കാര്യം പറയട്ടെ. ഒരു കിലോഗ്രാം റബ്ബർ കയറ്റുമതി ചെയ്താൽ 8 രൂപ നഷ്ടമെന്നാണ് കേന്ദ്ര മന്ത്രാലയം പറഞ്ഞിരിക്കുന്നത് . അങ്ങനെയെങ്കിൽ 50,000 ടൺ ഇവിടെനിന്നും കയറ്റുമതിചെയ്താൽ അത്ര ഭീമമായ നഷ്ടമൊന്നും വരില്ല. അതുകൊണ്ട് ഞാൻ ഒരു കാര്യം പറയട്ടെ, നിങ്ങൾ ഉത്തരവാദിത്വം നിറവേറ്റിയില്ല ; നിങ്ങൾ റബ്ബർ കയറ്റുമതി ചെയ്തില്ല ; നിങ്ങൾ ഫലപ്രദമായി റബ്ബർ പ്രൊക്യൂവർ ചെയ്തില്ല ; ന്യായമായ വില നൽകിയില്ല. സംഭരിച്ച റബ്ബർ പിറ്റേ ആഴ്ച മറിച്ചുവിറ്റു. സംഭരണ ഏജൻസികളെ നിങ്ങൾ സ്റ്റെബിലൈസ് ചെയ്തില്ല. ഗാട്ട് കരാറിനെ സംബന്ധിച്ച് പി.എച്ച്.ഡി. നൽകേണ്ട ഒരു മന്ത്രിയാണ് ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ. ഗാട്ട് കരാറിനെപ്പറ്റിയും ആഗോളവൽക്കരണത്തെപ്പറ്റിയുമാണ് നിങ്ങൾ എപ്പോഴും പറയുന്നത്. ഗാട്ട് കരാറിന്റേയും ആഗോളവൽക്കരണത്തിന്റേയും ഫലമായി അനുഭവിക്കുന്ന കെടുതികൾ എന്തൊക്കെയാണ് ? നിങ്ങൾ ഈ നിയമസഭയിൽ കഴിഞ്ഞ 5 വർഷക്കാലത്തിനിടയിൽ എത്രയോ പ്രഖ്യാപനങ്ങൾ നടത്തി. ഒരൊറ്റ പ്രഖ്യാപനമെങ്കിലും നടപ്പിൽ വരുത്തിയോ ? കൃഷിക്കാരെ ദ്രോഹിച്ച ഗവൺമെന്റല്ലേ ? അതുകൊണ്ട് സഭാനടപടികൾ നിർത്തി വച്ച് ഈ പ്രശ്നം ചർച്ച ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

10.a.m.] കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, ശ്രീ. കെ. എം. മാണി ഇതുമായി ബന്ധപ്പെട്ട് അവതരിപ്പിച്ച വിഷയങ്ങൾ ഞാൻ വളരെ ശാന്തമായി കേട്ടു. എനിക്ക് അദ്ദേഹത്തോട് പറയാനുള്ളത് ബഹുമാന്യനായ പ്രധാനമന്ത്രി കുമരകത്ത് വന്നപ്പോൾ അദ്ദേഹത്തെ സ്വാഗതം ചെയ്തുകൊണ്ട് മലയാള മനോരമ പത്രത്തിന്റെ ചീഫ് എഡിറ്റർ ശ്രീ. കെ. എം. മാത്യു പേരുവച്ച് എഴുതിയ മുഖപ്രസംഗം ശ്രീ. കെ. എം. മാണി ഒരുവട്ടം കൂടി വായിക്കണം എന്നാണ്. ഇതിന്റെ ഉത്തരവാദികൾ ആരാണെന്ന് മലയാള മനോരമയുടെ മുഖ പ്രസംഗത്തിൽത്തന്നെ പറയുന്നുണ്ട്. അതൊരു വട്ടംകൂടി വായിച്ചാൽ മതി. അദ്ദേഹത്തെ സ്വാഗതം ചെയ്തുകൊണ്ട് എഴുതിയ മുഖപ്രസംഗത്തിൽ അക്കാര്യം പറയുന്നുണ്ട്. ശ്രീ. മാണി അത് വായിച്ചിരുന്നെങ്കിൽ അദ്ദേഹം അത് പറയില്ലായിരുന്നു. അദ്ദേഹം ഇവിടെ പറഞ്ഞത് ശ്രീ. സി. കെ. പത്മനാഭൻ ഇന്നലെ പാലക്കാട്ട് നടത്തിയ പ്രസംഗവും ശ്രീ. കെ. എം. മാണി അടിയന്തിര പ്രമേയത്തിന് അനുമതി തേടിക്കൊണ്ട് നടത്തിയ പ്രസംഗവും ഒന്നാണ് എന്നാണ്. ചില ഭാര്യമാർ ഭർത്താക്കൻമാരെ പേര് വിളിക്കില്ല. കുട്ടികളുടെ അച്ഛൻ എന്നേ പറയൂ. അതാണ് ശ്രീ. മാണി. കേന്ദ്രത്തിലെ ബി.ജെ.പി. ഗവൺമെന്റിന് നേരേ വിരൽ ചൂണ്ടാൻ നട്ടെല്ല്, തന്റേടം, ആർജ്ജവം ശ്രീ. കെ. എം. മാണിക്ക് ഇല്ല. അദ്ദേഹത്തിന്റെ എല്ലാ പുസ്തകവും വായിച്ച ആളാണ്. ഒരു പുസ്തകം എഴുതി ശ്രീമാൻ ഗോർബച്ചേവിന്

LIBRARY ARCHIVES Kerala Legislative Assembly

കൊടുത്തു. അദ്ദേഹം പറഞ്ഞു ഈ സാമ്പത്തിക പരിഷ്ക്കാരത്തിനുവേണ്ടി അദ്ദേഹത്തിനെ ഞാനാണ് നിർദ്ദേശിച്ചത്. സോവിയറ്റ് യൂണിയനുണ്ടായില്ല. രണ്ടാമത്തെ പുസ്തകം ഇപ്പോൾ പ്രസിദ്ധീകരിച്ചിട്ടുള്ള.....അദ്ദേഹത്തിന്റെ പുസ്തകത്തിൽ കാർഷിക പ്രശ്നങ്ങളെക്കുറിച്ച്.....ബി.ജെ.പി. ഗവൺമെന്റിന്റെ നയങ്ങളെ ഒന്ന് ചെറുക്കാൻപോലും, എതിർക്കാൻ പോലും അദ്ദേഹം വേണ്ടത്ര സമയം കാണുന്നില്ല. നയങ്ങളുടെ സിദ്ധാന്തം-അതിനെക്കുറിച്ചും ഞാൻ വായിക്കുകയുണ്ടായി. മാത്രമല്ല ശ്രീ. സി. കെ. പത്മനാഭൻ, ബി.ജെ.പി. യുടെ സംസ്ഥാന പ്രസിഡന്റ് കേരളത്തിന്റെ വികസനത്തെക്കുറിച്ച് കൃഷിക്കാരുടെ താല്പര്യങ്ങളെ സംരക്ഷിക്കാൻ കേരളത്തിൽ ഒറ്റയാളേയുള്ളൂ. അത് ശ്രീ. കെ. എം. മാണിയാണ്. അതുകൊണ്ട് ശ്രീ. കെ. എം. മാണിയുടെ മൂന്നാം മുന്നണിയെക്കുറിച്ചാണ് ഞങ്ങൾ ആലോചിക്കുന്നത് എന്നാണ് അദ്ദേഹം പറഞ്ഞത്. ഇതിനെക്കുറിച്ചുള്ള ശ്രീ. സി. കെ. പത്മനാഭന്റെ അഭിപ്രായം ഞാൻ വായിച്ചു. അദ്ദേഹം ഇവിടെ ഉന്നയിച്ച പ്രശ്നങ്ങൾ, സാധ്യമായാലും ഇല്ലെങ്കിലും ശ്രീ. പി. സി. തോമസ് വഴി ഇൻഡ്യൻ പാർലമെന്റിൽ, ലോകസഭയിൽ പറയേണ്ട കാര്യങ്ങളാണ്. അത് അദ്ദേഹത്തിനെക്കൊണ്ടിവിടെ പറയിച്ചതാരാണെന്ന് എനിക്ക് നന്നായിട്ടറിയാം. ഇപ്പോൾ അദ്ദേഹം ഈ ഗവൺമെന്റിനെ വിമർശിച്ചു. എനിക്ക് ശ്രീ. കെ. എം. മാണിയോട് പറയാനുള്ളത് നിങ്ങൾ ഇടതുപക്ഷ ജനാധിപത്യമുന്നണി സർക്കാരിനെതിരെ വിമർശനത്തിന്റെ വിരൽചൂണ്ടുകയാണ്. നിങ്ങൾ വിമർശനത്തിന്റെ ഒരു വിരൽ ചൂണ്ടിയാൽ ശ്രീ. മാണിയുടെ കൈപ്പത്തിയിലെ മൂന്നു വിരലുകൾ ശ്രീ. മാണിക്കെതിരായിട്ട് തിരിയും എന്ന വസ്തുത,..... ആ ചൈനീസ് പഴമൊഴി ഞാൻ ശ്രീ. മാണിയെ ഓർമ്മിപ്പിക്കുകയാണ്. നിങ്ങൾ ഒരു വിരൽ എനിക്കെതിരെ ചൂണ്ടിയാൽ മൂന്ന് വിരൽ നിങ്ങൾക്കെതിരായിരിക്കും. ആ യാഥാർത്ഥ്യം മറക്കരുത്, വിസ്മരിക്കരുത് എന്നാണ് എനിക്ക് അദ്ദേഹത്തോട് പറയാനുള്ളത്. അദ്ദേഹം ചോദിച്ചത് ശരിയായ കുറേ ചോദ്യങ്ങളാണ്. ഈ ഗവൺമെന്റ് എന്തു ചെയ്തു? ഈ ഗവൺമെന്റ് നിവേദനം കൊടുത്തു. കേന്ദ്ര ഗവൺമെന്റിന് സമയാസമയങ്ങളിൽ നിവേദനങ്ങൾ കൊടുത്തു. ഞങ്ങൾ കേന്ദ്ര മന്ത്രിയെക്കണ്ട് നടത്തിയ നിവേദനത്തിന്റെ കോപ്പി ശ്രീ. മാണിക്ക് സമർപ്പിക്കാം. അങ്ങേയ്ക്കൊരു ധാരണയുണ്ടാകും. ഭക്ഷ്യ എണ്ണയ്ക്ക് 300 ശതമാനം ചുങ്കം ഉയർത്തണമെന്ന് കേരള ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ടോ? അതുപോലെ തന്നെ നാളികേരത്തിന് ചുങ്കം വർദ്ധിപ്പിക്കണമെന്ന് നിങ്ങൾ ആവശ്യപ്പെട്ടിട്ടുണ്ടോ? അങ്ങ് ചോദിക്കില്ലായിരുന്നു. കൊപ്രായുടെ ചുങ്കം ഉയർത്തണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ടോ എന്ന് അദ്ദേഹം ചോദിക്കില്ലായിരുന്നു. സംസ്ഥാന ഗവൺമെന്റ് അതാത് സമയങ്ങളിൽ കേന്ദ്ര ഗവൺമെന്റിന് സമർപ്പിക്കേണ്ട നിവേദനങ്ങൾ അതാത് സമയത്ത് സമർപ്പിക്കുകയും എം. പി. മാർക്ക് അത് നൽകുകയും എം. പി. മാർ അത് പാർലമെന്റിൽ ഉന്നയിക്കാനായിട്ടുള്ള സംവിധാനം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഒരു ഗവൺമെന്റിന് ചെയ്യാൻകഴിയുന്ന എല്ലാ കാര്യങ്ങളും ഗവൺമെന്റ് ചെയ്തിട്ടുണ്ട്. കേന്ദ്രം ബഡ്ജറ്റ് അവതരിപ്പിക്കുന്നതിന് മുൻപുതന്നെ കേരള ഗവൺമെന്റിന്റെ അഭിപ്രായങ്ങൾ കേന്ദ്ര ഗവൺമെന്റിനെ രേഖാമൂലം അറിയിച്ചു. ഇവിടെ നാളികേരത്തിന്റെ ഇറക്കുമതി ചുങ്കം 70

LIBRARY ARCHIVES Kerala Legislative Assembly

ശതമാനമാക്കി. അതുകൊണ്ട് കേരളത്തിലെ കർഷകർക്ക് കാര്യമില്ല. കൊപ്രയുടെ ഇറക്കുമതിച്ചുങ്കം 70 ശതമാനമാക്കി ഉയർത്തി. കേരളത്തിലെ കർഷകർക്ക് അത് കൊണ്ട് യാതൊരു നേട്ടവുമില്ല. ഇറക്കുമതി ചുങ്കം കൊടുത്തുകൊണ്ടുതന്നെ വിദേശത്തുനിന്നും നാളികേരവും കൊപ്രയും വ്യാപാരികളോ വ്യവസായികളോ ഇറക്കുമതിചെയ്താൽ അവർക്ക് ലാഭകരമായിരിക്കും. ഇന്നത്തെ മാർക്കറ്റിലെ വിലയും കേരളത്തിലെ വിലയും തമ്മിൽ താരതമ്യം ചെയ്താൽ ഇറക്കുമതി ചെയ്യുന്ന വ്യാപാരിക്കും വ്യവസായിക്കും ലാഭകരമായിരിക്കും. വെളിച്ചെണ്ണയുടെ ഇറക്കുമതി ചുങ്കം 73 ശതമാനമായിരുന്നു. കേന്ദ്ര ഗവൺമെന്റ് അത് 50.8 ശതമാനമാക്കി കുറച്ചു. പാമോയിലിന്റെ ഇറക്കുമതി ചുങ്കം അല്പം ഉയർന്നപ്പോൾ വെളിച്ചെണ്ണയുടെ ഇറക്കുമതി ചുങ്കം കേന്ദ്ര ഗവൺമെന്റ് കുറയ്ക്കുകയാണ് ചെയ്തത്. കാര്യങ്ങൾ യഥാവസരം ഞങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെടുത്തിയിട്ടുണ്ട്. കേരള ഗവൺമെന്റിന് ചെയ്യാൻകഴിയുന്നത് ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അവിടെപ്പോയി പ്രധാനമന്ത്രിയെക്കണ്ടു. കേരളത്തിന്റെ പ്രശ്നങ്ങൾ ഞങ്ങൾ കൃഷി വകുപ്പുമന്ത്രിയുടേയും വാണിജ്യ വകുപ്പുമന്ത്രിയുടേയും ശ്രദ്ധയിൽപ്പെടുത്തി. ഇടതുപക്ഷ ജനാധിപത്യമുന്നണി എം. പി. മാരും എം.എൽ.എ. മാരും പ്രധാനമന്ത്രിയെ കണ്ട് നിവേദനം കൊടുത്തു. കേരളത്തിലെ ഏറ്റവും ഗുരുതരമായ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെടുത്താൻ പ്രധാനമന്ത്രിയുടെ വസതിക്കു മുന്നിൽ സമരം നടത്തി. ഗവൺമെന്റിന് ചെയ്യാൻ കഴിയുന്നത്, ഇടതു പക്ഷ ജനാധിപത്യമുന്നണിക്ക് ചെയ്യാൻ കഴിയുന്നത് എല്ലാം ചെയ്തു. ഇവിടെ കേരള ഗവൺമെന്റിനെ കുറ്റപ്പെടുത്തുകയും കേന്ദ്രത്തിൽപ്പോയി വാജ്പേയി ഗവൺമെന്റിന്റെ കാർഷിക നയത്തിനെതിരായി..... ഇവിടെ വന്ന് ഞങ്ങളെ കുറ്റപ്പെടുത്തുക രാഷ്ട്രീയമാണ്. ഞങ്ങൾ ചെയ്യാത്തതല്ല രാഷ്ട്രീയം. ഇത് രാഷ്ട്രീയമാണ്. തെരഞ്ഞെടുപ്പിനെ മുന്നിൽകണ്ടുകൊണ്ടല്ലേ ? മോചനയാത്രയിലെ പ്രസംഗം കേട്ടല്ലോ. കേന്ദ്ര ഗവൺമെന്റിന്റെ, വാജ്പേയി ഗവൺമെന്റിന്റെ, ബി.ജെ.പി. ഗവൺമെന്റിന്റെ സാമ്പത്തിക നയത്തിന്റെ ഫലമായിട്ടാണ് ഈ പ്രശ്നങ്ങൾ. അതിനെതിരെ ഒരു വാക്ക് പറയാൻ മോചന യാത്ര നയിച്ചപ്പോൾ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്, അദ്ദേഹത്തിന്റെ കൂടെ സഞ്ചരിച്ച ശ്രീമാൻ മാണിക്ക് കഴിഞ്ഞില്ലല്ലോ, ഇതെല്ലാം കേരള ഗവൺമെന്റിന്റെ തോളിൽ കെട്ടിവച്ച് രാഷ്ട്രീയമായി ജനങ്ങളുടെ മുന്നിൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനെ വികൃതപ്പെടുത്താനുള്ള കുൽസിതമായ മാർഗ്ഗങ്ങളാണ് അവർ സ്വീകരിച്ചിരിക്കുന്നത് . അതിന്റെ മറ്റൊരു പതിപ്പാണ് അടിയന്തിര പ്രമേയത്തിന്റെ നോട്ടീസും ഇപ്പോൾ അദ്ദേഹം ഉന്നയിച്ച പ്രശ്നങ്ങളും. അദ്ദേഹം ആത്മാർത്ഥമായിട്ടാണ് കൊപ്ര സംഭരണത്തെക്കുറിച്ച് പറഞ്ഞതെങ്കിൽ ബന്ധപ്പെട്ട ഏതെല്ലാം കൊപ്രാ സംഘങ്ങളാണ് സംഭരണത്തിൽ അഴിമതി കാണിച്ചതെന്ന് എഴുതിത്തന്നാൽ അങ്ങ് പറയുന്ന ഏതന്വേഷണത്തിനും ഈ ഗവൺമെന്റ് തയ്യാറാണെന്ന് ഞാൻ ഈ സഭയെ അറിയിക്കുന്നു. തങ്കച്ചൻച്ചേട്ടാ, ഇപ്പോൾ വിജിലൻസ് എൻക്വയറി നടന്നുവരികയാണ്. കൊപ്ര എടുക്കുന്ന ഏത് സംഘങ്ങളാണ് പ്രതികളാകാൻ പോകുന്നതെന്ന് അങ്ങേയ്ക്ക് അറിയാം. ഇവിടെ ഇരിക്കുന്ന കോൺഗ്രസ് എം.എൽ.എ. മാർക്കറിയാം ആരാണ് അഴിമതി കാണിക്കുന്നതെന്ന്. സഭയിൽ

LIBRARY ARCHIVES Kerala Legislative Assembly

അംഗങ്ങളല്ലാത്തതുകൊണ്ട് ഞാൻ അവരുടെ പേരുകൾ പറയുന്നില്ല. അന്വേഷണത്തിനുത്തരവിട്ടിരിക്കുന്നു. അന്വേഷണം നല്ലപോലെ നടന്നിരിക്കുന്നു. കേന്ദ്രത്തിലെ ജോയിന്റ് ഡയറക്ടർ (കൃഷി) വരെ കേരളത്തിൽ വന്ന് ചില സംഘങ്ങളിൽ നേരിട്ടന്വേഷണം നടത്തിയിരിക്കുന്നു. അവരുടെ റിപ്പോർട്ട് എന്റെ കയ്യിലുണ്ട്. നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. മിനിഞ്ഞാന്ന് പാലക്കാട്ടെ ഒരു സംഘം നടത്തിയ അഴിമതിയെ സംബന്ധിച്ച് അന്വേഷണം നടത്തി നടപടികൾ സ്വീകരിച്ചു. നേരിട്ടാണന്വേഷിച്ചത്. ഏതാണ് സംഘം ? അദ്ദേഹം പറഞ്ഞത് ഞാൻ പറയാം. എത്ര ലക്ഷങ്ങളാണ് അഴിമതിയെന്നറിയാമോ ? പാലക്കാട്ട് കോൺഗ്രസ് നേതൃത്വം കൊടുക്കുന്ന സംഘമാണ്. അന്വേഷണ റിപ്പോർട്ട് പുറത്തു വന്നിട്ടുണ്ട്. അഴിമതി കാണിച്ചിട്ടുള്ള ഓരോ സംഘത്തേയും ഞങ്ങൾ പിടിക്കും. അതിനൊന്നും സമയം പോയിട്ടില്ല. പോയി എന്നു പറഞ്ഞ് നിങ്ങൾ സന്തോഷിക്കുകയും വേണ്ട. അവർ രക്ഷപ്പെടാനും പോകുന്നില്ല. അതുകൊണ്ട് കൊപ്ര സംഭരണത്തെക്കുറിച്ച് ശ്രീ. കെ. എം. മാണി വളരെ ആത്മാർത്ഥമായിട്ടാണ് ഉന്നയിച്ചതെങ്കിൽ ആ സംഘങ്ങളുടെ പേരും കൂടി എഴുതിത്തരണം . ആ സംഘങ്ങൾക്കെതിരെ എന്ത് നടപടിയും സ്വീകരിക്കാൻ ഞങ്ങൾ തയ്യാറാണ്. ഇനി കേരഫെഡിന്റെ സംഘങ്ങൾ ഉണ്ടോ ? നടപടി എടുക്കും. കേരഫെഡ് എന്നോ മാർക്കറ്റിംഗ് ഫെഡറേഷനെന്നോ വ്യത്യാസമില്ലാതെ ഞങ്ങൾ നടപടി എടുക്കും. ആ കാര്യത്തിലൊന്നും ഒരു വിട്ടുവീഴ്ചയും ഇല്ല. അദ്ദേഹം ഉന്നയിച്ച മറ്റൊരുകാര്യം എന്താണെന്നുവെച്ചാൽ റബ്ബർ കൃഷിക്കാരെ സഹായിക്കാൻ വേണ്ടി, അവർക്ക് നികുതി ഇളവ് കൊടുക്കുന്നതിൽ, കാർഷികാദായ നികുതിയിൽ ഇളവ് കൊടുത്തതിൽ, അവരുടെ തോട്ടങ്ങളുടെ പരിധി നിശ്ചയിച്ച് നികുതിയിൽ ഇളവ് കൊടുത്തതിന്റെ ഫലമായി 12,000 ടൺ റബ്ബറാണ് ശേഖരിച്ചത്. നിങ്ങളുടെ കാലത്ത് നിങ്ങൾ ഒരു കിലോ റബ്ബർ കയറ്റി അയച്ചോ ? അദ്ദേഹം റബ്ബർ കൃഷിക്കാരെ സംരക്ഷിക്കാൻ ഒരു കമ്പനി ഉണ്ടാക്കിയല്ലോ- പാലാഴി ടയേഴ്സ്.

ശ്രീ. കെ. എം. മാണി : നിങ്ങൾ വല്ലതും തന്നോ ?

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ഞങ്ങൾ തരാമെന്ന് പറഞ്ഞല്ലോ. ഇപ്പോഴും റബ്ബർ ശേഖരിച്ചോട്ടെ. ഞങ്ങൾ കിലോഗ്രാമിന് അൻപത് പൈസ കൈയ്ക്കൂലിചെലവ് അദ്ദേഹത്തിന് കൊടുക്കാം. അദ്ദേഹം ആവശ്യപ്പെട്ടാൽ റബ്ബർ ശേഖരിക്കാൻ അദ്ദേഹത്തിന് അനുമതി കൊടുക്കാം. വെറുതെ ബോർഡ് എഴുതിവച്ച് കൃഷിക്കാരെ പറ്റിക്കരുത്. നൂറുകോടി രൂപ ഈ ഗവൺമെന്റ് റബ്ബർ കൃഷിക്കാർക്കുവേണ്ടി അധികം ചെലവഴിച്ചിട്ടുണ്ട്. അതിനപ്പുറം ഇതിന്റെ പരിധിയിൽ നിന്നുകൊണ്ട് ഗവൺമെന്റിന് ചെയ്യാൻ കഴിയുകയില്ല. രണ്ടാമത്തെ പ്രശ്നം, നാളികേരത്തിന് ഇതുപോലെതന്നെ തകർച്ച സംഭവിച്ചത് 1995-ലാണ്. അന്ന് ശ്രീ. പി. പി. തങ്കച്ചൻ കൃഷി വകുപ്പുമന്ത്രി ആയിരുന്നു. ഇവിടെ ഇപ്പോൾ 83,000 ടൺ റബ്ബർ ശേഖരിച്ചു. അന്ന് മാർക്കറ്റിംഗ് ഫെഡറേഷനെക്കൊണ്ട് കൊപ്ര ശേഖരിക്കാനായി ശ്രമം നടത്തി. ഞാൻ ശ്രീ. തങ്കച്ചൻച്ചേട്ടനോടുതന്നെ ചോദിക്കാം. നമുക്ക് തമ്മിൽ അറിയാവുന്ന കാര്യമല്ലേ ? എത്ര കോടി രൂപയാണ് കൊടുക്കുവാനുള്ളത് ? എത്രയാണ് അദ്ദേഹം ശേഖരിച്ചത് ? എന്താണ് അവർ

LIBRARY ARCHIVES Kerala Legislative Assembly

ചെയ്തത് ? അതൊന്നും ഈ ഗവൺമെന്റ് ചെയ്തില്ല. ഇതിൽ ഓരോ കാലത്തേയും ഗവൺമെന്റ് ചെയ്ത കാര്യങ്ങളെ സംബന്ധിച്ച് നമുക്ക് പരസ്പരം അറിയാമല്ലോ ? ഈ ഗവൺമെന്റ് ചെയ്ത കാര്യങ്ങളെ സംബന്ധിച്ചും നിങ്ങൾ ചെയ്ത കാര്യങ്ങളെ സംബന്ധിച്ചുമൊക്കെ നമുക്ക് അറിയാവുന്ന കാര്യമല്ലേ ? അതുകൊണ്ട് പച്ചത്തേങ്ങ വാങ്ങി കൊപ്രയാക്കാൻ താൽപ്പര്യമുള്ള സൊസൈറ്റികൾക്ക് കൊപ്ര പ്രോസസ്സിംഗ് യൂണിറ്റ് സ്ഥാപിക്കാനായി 20 ലക്ഷം രൂപ ഈ ഗവൺമെന്റ് ഗ്രാന്റായി കൊടുക്കുകയാണ്. ഇതിനകം 30 സൊസൈറ്റികൾക്ക് ഗ്രാന്റ് കൊടുത്തു കഴിഞ്ഞു. ഇനി 20 സൊസൈറ്റികൾക്കുകൂടി ഗ്രാന്റ് കൊടുക്കാനുണ്ട്. സഹകരണ സ്ഥാപനങ്ങൾ, വെയർഹൗസിംഗ് കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങൾക്കുമാത്രമേ കൊടുക്കുന്നുള്ളൂ. ഇനി 20 എണ്ണം ആര് അപേക്ഷിച്ചാലും, ഏത് സംഘം അപേക്ഷിച്ചാലും ഞങ്ങൾ കൊടുക്കും. ഇതിന്റെ ഫലമായി ഒരു ദിവസം 20 ലക്ഷം നാളികേരം കൊപ്രയാക്കാൻ കേരളത്തിനു കഴിയും. ഈ ഗവൺമെന്റ് സാമ്പത്തിക പരിമിതികൾക്കുള്ളിൽനിന്നുകൊണ്ട് ചെയ്ത കാര്യമാണ് ഞാൻ ഇവിടെ ചൂണ്ടിക്കാണിച്ചത്. ഞാൻ നീട്ടുന്നില്ല, നെല്ലിന്റെ കാര്യം പറഞ്ഞു. കുട്ടനാട്ടിലെ ജ്യോതി നെല്ലിന് ക്വിന്റലിന് 700 രൂപയാണ് വില നിശ്ചയിച്ചിട്ടുള്ളത്. ശ്രീ. പി. പി. തങ്കച്ചൻ കൃഷി വകുപ്പുമന്ത്രിയായിരിക്കുമ്പോൾ സ്വീകരിച്ച നിലപാട് എന്താണോ അതുതന്നെയാണ് വില നിർണ്ണയിക്കാൻ ഈ ഗവൺമെന്റും തുടരുന്നത്. ആ വിലയല്ല, ആ രീതിയാണ്, മാനദണ്ഡം അതാണ്. അവിടെ നെല്ല് ശേഖരിക്കുന്ന ഏജൻസികൾ, കൃഷി വകുപ്പിന്റെ ഉദ്യോഗസ്ഥൻമാർ, കർഷകസംഘടനാപ്രതിനിധികൾ തുടങ്ങിയവർ കൂട്ടായി ഇരുന്ന് അവിടത്തെ നെല്ലിന്റെ വില നിശ്ചയിക്കും. ജ്യോതി നെല്ലിന് ക്വിന്റലിന് 700 രൂപയും വെള്ള അരിയുടെ നെല്ലിന് ക്വിന്റലിന് 675 രൂപയും നൽകിയാണ് സഹകരണ സംഘങ്ങൾ നെല്ല് ശേഖരിക്കുന്നത്. ബഹുമാന്യനായ കെ. എം. മാണിക്ക് കുട്ടനാട്ടിലെ സഹകരണ സംഘങ്ങളെക്കുറിച്ച് നല്ലതുപോലെ അറിയാമല്ലോ ? അവർ നെല്ല് എടുക്കണം. അവരോട് നെല്ല് എടുക്കാൻ പറഞ്ഞിട്ടുണ്ട്, അവർ നെല്ല് ശേഖരിച്ച് തുടങ്ങിയിട്ടുണ്ട്. അവർ വേണ്ടത്ര നെല്ല് എടുക്കുന്നില്ലെങ്കിൽ വെയർഹൗസിംഗ് കോർപ്പറേഷനെ കുട്ടനാട്ടിൽ നെല്ല് ശേഖരിക്കുന്ന ഏജൻസിയായി ഗവൺമെന്റ് നിശ്ചയിക്കും. വിവിധ കാലങ്ങളിൽ അങ്ങനെ നിശ്ചയിച്ചിട്ടുണ്ട്, അവർ നെല്ല് ശേഖരിച്ചിട്ടുണ്ട്. ഈ വർഷവും അവരെ ഏജൻസിയായി നിശ്ചിയിക്കും. നിങ്ങളുടെ സംഘങ്ങൾ ഉണ്ടല്ലോ ? എന്താണ് എടുക്കുന്നതെന്ന് അറിയാമല്ലോ ; അവിടെ സംഘങ്ങളാണ് എടുക്കേണ്ടത്. അതിന് വില നിശ്ചയിച്ചു. വെയർഹൗസിംഗ് കോർപ്പറേഷനെ നെല്ല് എടുക്കാൻ കൃഷിയിടങ്ങളിലേയ്ക്ക് ഏജൻസിയായി ഇറക്കാൻ തീരുമാനിച്ചതും ഇറക്കിയതും ഈ ഗവൺമെന്റാണ്. അതുകൊണ്ട് കുട്ടനാട്ടിൽ കഴിഞ്ഞ മൂന്നുവർഷത്തിൽ നല്ല റിസൽട്ട് ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. ഇപ്പോഴും സഹകരണസംഘങ്ങൾ നെല്ല് എടുക്കുന്നില്ലെങ്കിൽ നെല്ല് എടുക്കാൻ വെയർഹൗസിംഗ് കോർപ്പറേഷനെ ഇറക്കും. നെല്ല് എടുക്കാത്തത് രാഷ്ട്രീയമാണ്. ആ രാഷ്ട്രീയം പാവപ്പെട്ട നെൽകൃഷിക്കാരോട് വേണ്ട. കർണ്ണാടകത്തിൽ നെല്ല് വിൽക്കാൻ കഴിയുന്നില്ല. കർണ്ണാടകത്തിലെ കൃഷിക്കാരുടെ നെല്ല് ഇവിടത്തെ റൈസ് മില്ലിൽ

LIBRARY ARCHIVES Kerala Legislative Assembly

കൊണ്ടുകൊടുക്കുകയാണ്. മൂന്നുമാസത്തെ കടത്തിനാണ് കൊടുക്കുന്നത്. അതുപോലെ ആന്ധ്രയിലെ നെല്ല് ഇവിടത്തെ റൈസ് മില്ലുകൾക്കാണ് കൊടുക്കുന്നത്. അവിടെ ഒരു ക്വിന്റൽ നെല്ലിന് സെൻട്രൽ ഗവൺമെന്റ് പ്രഖ്യാപിച്ചിരിക്കുന്നത് 540 രൂപയാണ്. ആ വിലയ്ക്കുപോലും ഏജൻസി കർണ്ണാടകത്തിൽ നെല്ല് എടുക്കുന്നില്ല. ആന്ധ്രയിലും പഞ്ചാബിലും നെല്ല് എടുക്കുന്നില്ല. കർണ്ണാടകത്തിലെ നെല്ലുപോലും കേരളത്തിലാണ് വിൽക്കുന്നത്. കർണ്ണാടകം ഭരിക്കുന്നത് ആരാണെന്നറിയാമല്ലോ? അതുകൊണ്ട് നെൽകൃഷിക്കാരെ സംരക്ഷിക്കാൻവേണ്ടി ഈ വർഷം ഈ സംവിധാനം ശക്തമായി ഈ ഗവൺമെന്റ് തുടരുമെന്നുള്ളതാണ് ആ കാര്യത്തെ സംബന്ധിച്ച് എനിക്ക് പറയുവാനുള്ളത്. എത്ര ചെയ്താലും അവർക്ക് തൃപ്തി വരില്ല. അവർ തെരഞ്ഞെടുപ്പിന്റെ മുന്നിലാണല്ലോ. അതുകൊണ്ട് എന്തുകാര്യം ചെയ്താലും നന്നായി എന്ന് സഭയ്ക്കകത്ത് പറയില്ല. അത് ചന്ദ്രേട്ടന് അറിയാം. സഭയ്ക്ക് പുറത്ത് പറഞ്ഞോ. അതിൽ ഞങ്ങൾക്ക് യാതൊരു പരിഭവവുമില്ല, അത് രാഷ്ട്രീയമാണ്. ഞാനായാലും അതുതന്നെയല്ലേ പറയുകയുള്ളൂ. ഇവിടെ രേഖയിലുണ്ടല്ലോ; പുറത്ത് രേഖയില്ലല്ലോ. ഞാൻ പ്രതിപക്ഷത്തിരുന്നാലും ഇതുതന്നെയേ പറയുകയുള്ളൂ. കാരണം ഗവൺമെന്റിനെ സ്തുതിച്ച് പറയുവാൻ പ്രതിപക്ഷത്തിന് കഴിയുകയില്ലല്ലോ. പ്രത്യേകിച്ച് തെരഞ്ഞെടുപ്പിന് മുന്നിൽ. ശ്രീ. പി. പി. തങ്കച്ചന്റെ മണ്ഡലത്തിലെ കൃഷിക്കാരെ നമ്മൾ ഒരുമിച്ച് കണ്ടതല്ലേ? കൃഷിക്കാരുടെ മനസ്സിലിരിപ്പ് എന്താണെന്ന് ഞാൻ മനസ്സിലാക്കി. അങ്ങും മനസ്സിലാക്കിയല്ലോ.

മി. സ്പീക്കർ : അതുകൊണ്ട് അവസാനിപ്പിക്കാം.

ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ : ഗവൺമെന്റിന്റെ പരിമിതികൾക്ക് ഉള്ളിൽനിന്നുകൊണ്ട് കൃഷിക്കാരെ പരമാവധി സഹായിക്കുന്നതുകൊണ്ടാണ് അയൽ സംസ്ഥാനമായ കർണ്ണാടകയിൽ കൂട്ട ആത്മഹത്യചെയ്തിട്ടും ഇവിടത്തെ കൃഷിക്കാർ ആത്മഹത്യയെക്കുറിച്ച് ചിന്തിക്കാത്തത്. ഈ ഗവൺമെന്റ് അതിന്റെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് കൃഷിക്കാരെ സംരക്ഷിക്കാനുള്ള നിലപാട് സ്വീകരിക്കുന്നതുകൊണ്ടുമാത്രമാണ് ഇങ്ങനെയൊന്നും സംഭവിക്കാത്തത്. അവിടെ കോൺഗ്രസ് ഭരിക്കുന്നു എന്നൊന്നും ഞാൻ പറയുന്നില്ല. അവിടത്തേയും ഇവിടത്തേയും പ്രശ്നങ്ങൾ ഒരുപോലെതന്നെയാണ്. പക്ഷേ ഇവിടത്തെ പ്രശ്നങ്ങളെ കൈകാര്യം ചെയ്യുന്നതിന് ഈ ഗവൺമെന്റ് ആത്മാർത്ഥമായ സമീപനം സ്വീകരിക്കുന്നത് കൊണ്ടാണ് ഈ മാറ്റമുണ്ടാകുന്നത്. കർണ്ണാടകത്തിൽ അതിന് കഴിയുന്നില്ല എന്നുള്ളതുകൊണ്ടാണ് കൂട്ട ആത്മഹത്യയിലേക്ക് കൃഷിക്കാർ പോകുന്നത്. ഈ വിഷയം ഇവിടെ വേണ്ടത്ര സമയമെടുത്ത് ചർച്ച ചെയ്തതാണ്. അംഗങ്ങൾക്ക് വേണ്ടത്ര സമയമുണ്ടായിരുന്നു. ഈ സഭയുടെതന്നെ പ്രത്യേക അവകാശങ്ങൾ എടുത്തുകൊണ്ട് ഇക്കാര്യം ചർച്ച ചെയ്തതാണ്. ഈ ഗവൺമെന്റ് ഇനിയും കൃഷിക്കാർക്ക് ചെയ്യാവുന്ന സഹായങ്ങൾ ചെയ്ത് അവരെ സഹായിക്കാൻ ആത്മാർത്ഥമായി ശ്രമിക്കും. അതുകൊണ്ട് സഭാനടപടികൾ നിർത്തിവച്ച് ഇതുസംബന്ധിച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ അടിയന്തിര പ്രമേയ അവതരണത്തിനുള്ള അനുമതി ചെയർ നിഷേധിക്കുന്നു.

(അടിയന്തിരപ്രമേയ അവതരണത്തിന് അനുമതി നിഷേധിച്ചു)

പ്രതിപക്ഷനേതാവ് (ശ്രീ. എ. കെ. ആന്റണി) : സ്പീക്കർ സർ, ബഹുമാന്യനായ കൃഷി വകുപ്പുമന്ത്രി ശ്രീ. കൃഷ്ണൻ കണിയാംപറമ്പിലിന്റെ മറുപടി തികച്ചും നിരാശജനകമാണെന്നുമാത്രമല്ല പ്രകോപനപരമാണ്. മാത്രവുമല്ല അങ്ങയുടെ വാക്കുകളിൽ കാരുണ്യവും മനുഷ്യത്വവും നിഴലിക്കാത്തതിൽ എനിക്ക് ദു:ഖവുമുണ്ട്. കേരളത്തിലെ കർഷകജനത ഒന്നടങ്കം കണ്ണീർക്കയത്തിൽ മുങ്ങിക്കിടക്കുന്ന അവസരത്തിൽ അവരെ ആശ്വസിപ്പിക്കാനുതകുന്ന വാക്കുകളല്ല അങ്ങയിൽ നിന്നുണ്ടായത്. ഇവിടെ ഉന്നയിച്ച കാർഷിക മേഖലയിലെ പ്രതിസന്ധിയും കൃഷിക്കാരുടെ പ്രയാസങ്ങളും ഈ സഭയിൽ ചർച്ച ചെയ്തതുകൊണ്ടൊന്നും പരിഹരിക്കാൻ പോകുന്നില്ല. ഈ ചർച്ച നമുക്ക് തുടരാം. ഇത് ഒരു തുടർക്കഥയാണ്. ഈ ചർച്ച ഇനി പതിനൊന്നാം കേരള നിയമസഭയിലേയ്ക്ക് നീട്ടിവയ്ക്കാമെന്നാണ് അങ്ങ് പറഞ്ഞത്. അടിയന്തിരമായി എന്തെങ്കിലും ആശ്വാസ നടപടികൾ കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ സ്വീകരിക്കും; തങ്ങളെ രക്ഷിക്കും, കേരളത്തിലെ കർഷകരെങ്കിലും തകർച്ചയുടെ വക്കിലേയ്ക്ക് നീങ്ങാതിരിക്കുമെന്ന് പ്രതീക്ഷിച്ചുകഴിയുന്ന കൃഷിക്കാരോട് പറയുന്നു. ഈ സർക്കാർ ഉള്ള കാലത്തോളം കേരളത്തിലെ കർഷകരേ നിങ്ങൾ പ്രത്യാശവച്ചു പുലർത്തണ്ട; പതിനൊന്നാം കേരളനിയമസഭയിൽ നിങ്ങളുടെ കാര്യം ചർച്ചയ്ക്കുവേണ്ടി മാറ്റിവയ്ക്കാം. ഇത് കേരളത്തിന്റെ കൃഷി വകുപ്പുമന്ത്രിക്ക് പറയാൻ പറ്റിയ കാര്യമാണോ? ഇന്നലെ ബഹുമാന്യനായ ശിവദാസമേനോൻ ഇതുപോലെയുള്ള ഹൃദയശൂന്യമായ ഒരു പരാമർശനമല്ലേ നടത്തിയത്? ഈ സഭയിൽ പരിഹാരമില്ല; ഈ സർക്കാരിന്റെ കാലത്ത് പരിഹാരമില്ല. നമുക്ക് ഈ പ്രശ്നം പതിനൊന്നാം കേരള നിയമസഭയിൽ ചർച്ച ചെയ്യാമെന്നാണ് കൃഷി വകുപ്പുമന്ത്രി പറഞ്ഞത്. ഇത് അങ്ങേയ്ക്ക്.....(ബഹളം).....പറയാൻ കൊള്ളാവുന്ന കാര്യമാണോ? വരാനിരിക്കുന്ന, പതിനൊന്നാം കേരള നിയമസഭയെക്കുറിച്ച് അങ്ങ് ഓർമ്മപ്പെടുത്തിയ സാഹചര്യത്തിൽ ഞാൻ കഴിഞ്ഞുപോയ ഒൻപതാം കേരളനിയമസഭയെക്കുറിച്ച് ഓർമ്മപ്പെടുത്തുന്നു. ഇത് പത്താം കേരളനിയമസഭയാണല്ലോ, ബഹുമാന്യനായ കെ. എം. മാണി ഉന്നയിച്ച ഈ പ്രശ്നം, ഒൻപതാം കേരളനിയമസഭയുടെ കാലത്ത് ഭരണപക്ഷത്തിരിക്കുന്നത് യു.ഡി.എഫാണ്. അന്ന് കേന്ദ്രം ഭരിച്ചിരുന്നത് കോൺഗ്രസ്സാണ്. ആ കാലഘട്ടം കേരളത്തിലെ കർഷകരുടെ സുവർണ്ണകാലമായിരുന്നു .....(ബഹളം)..... വസ്തുതകൾക്ക് നേരെ, സത്യത്തിന് നേരെ.....(ബഹളം).....സത്യത്തിന് നേരെ മുഖം തിരിക്കരുത്.....

ശ്രീ. എം. വി. ജയരാജൻ : സർ, ഇവിടെ .....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) : സർ, ഞാൻ ..... ഒരു കാര്യം പറയട്ടെ.....(ബഹളം).....(ബഹളം).....

ശ്രീ. എ. കെ. ആന്റണി : ഒരു മന്ത്രി ഇങ്ങനെയാകാമോ ?..... (ബഹളം).....ഈ നിലയിലേയ്ക്ക് .....ശ്രീ. ജയരാജൻ പറയട്ടെ, ഒരു മന്ത്രി ഇങ്ങനെ ആകാമോ ?

ശ്രീ. ജി. കാർത്തികേയൻ : ശ്രീ. ജയരാജൻ പറഞ്ഞാൽ മനസ്സിലാകും ഒരു മന്ത്രി ഇങ്ങനെയായലോ?

ശ്രീ. എ. കെ. ആന്റണി : ഈ നിലയിലേയ്ക്ക് മന്ത്രിയുടെ നിലവാരം താഴാമോ ? അങ്ങ് കുറേക്കൂടി സംയമനം പാലിക്കണ്ടേ ? ഇവിടെ പറയുന്നത് കേൾക്കാൻ മന്ത്രി ബാദ്ധ്യസ്ഥനല്ലേ ? ബഹുമാന്യനായ ജയരാജൻ പറയട്ടെ, കുഴപ്പമില്ല, അങ്ങേയ്ക്ക് പറയാം, ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി, അങ്ങ് ഇങ്ങനെ ചാടിക്കയറരുത്. അങ്ങ് കുറേക്കൂടി സംയമനം പാലിക്കണം. അങ്ങ് മന്ത്രിയാണ്. പറയുന്നത് കേൾക്കാനുള്ള ക്ഷമ അങ്ങ് കാണിക്കണം. വസ്തുതകൾ എന്താണെന്ന് അങ്ങ് മനസ്സിലാക്കണം. ഒൻപതാം നിയമസഭ അവസാനിക്കുന്ന ഘട്ടത്തിൽ, 1996 മാർച്ച്- ഏപ്രിൽ മാസങ്ങളിൽ കേരളത്തിൽ ഒരു നാളികേരത്തിന്റെ വില 7 രൂപയായിരുന്നു. തേയിലയ്ക്കും കുരുമുളകിനും അടയ്ക്കായ്ക്കും എല്ലാം നല്ല വിലയായിരുന്നു. അതാണ് ഞാൻ പറഞ്ഞത് കർഷകന്റെ സുവർണ്ണ കാലമെന്ന്. പത്താം കേരള നിയമസഭയിൽ, എൽ.ഡി.എഫ്. ഭരിച്ച കാലഘട്ടം കേരളത്തിലെ കർഷകന് പീഡാനുഭവകാലമായിരുന്നു. ഇതുപോലെ ഒരു കാലം, ഒരു പീഡാനുഭവം, ഒരു ദുരിതം കേരളത്തിലെ കർഷകൻ ഒരിക്കലും സഹിക്കേണ്ടി വന്നിട്ടില്ല. ഇതിന് ഞാൻ സംസ്ഥാന ഗവൺമെന്റിനെ മാത്രം കുറ്റപ്പെടുത്തുന്നില്ല. ഇതിന് കേന്ദ്ര ഗവൺമെന്റും സംസ്ഥാന ഗവൺമെന്റും ഒരുപോലെ ഉത്തരവാദികളാണ്. കേന്ദ്ര ഗവൺമെന്റിന്റെ ഇറക്കുമതിനയം ഒരു വലിയ കാര്യമാണ്. 1991-ൽ ശ്രീ. നരസിംഹറാവു ഉദാരവൽക്കരണം ആരംഭിച്ചപ്പോൾ ഭക്ഷ്യ എണ്ണകളുടെ ഇറക്കുമതി ചുങ്കം 300 ശതമാനം വരെ വർദ്ധിപ്പിച്ചു. 1996-വരെ അതായിരുന്നു. ഇവിടത്തെ കാർഷിക ഉൽപ്പന്നങ്ങളുടെ ഇറക്കുമതി ചുങ്കം 100 മുതൽ 150 ശതമാനം വരെയുണ്ടായിരുന്നു. അത് ഇന്നത്തെ കേന്ദ്ര ഗവൺമെന്റ് കുത്തനെ ഇടിച്ചിരിക്കുന്നു. അത് ഒരു പ്രധാന കാരണമാണ്. കേന്ദ്രത്തിന്റെ തെറ്റായ നയത്തിനെതിരായി ഒരു സംസ്ഥാന ഗവൺമെന്റ് കാണിക്കേണ്ട ഫലപ്രദമായ എന്ത് നടപടി നിങ്ങൾ സ്വീകരിച്ചു ? പ്രതിപക്ഷത്തെക്കൂടി സഹകരിപ്പിച്ചുകൊണ്ട് ഈ പ്രശ്നംകേന്ദ്ര ഗവൺമെന്റിന്റെ മുൻപിൽ അവതരിപ്പിക്കുവാൻ ഒരു അഖിലകക്ഷി ഡെലിഗേഷനെ അയയ്ക്കാനുള്ള സാമാന്യ മര്യാദപോലും നിങ്ങൾ കാണിച്ചോ ? ഇത്തവണ നിർണ്ണായകമായ ഒരു പാർലമെന്റ് സമ്മേളനമാണ്. ശ്രീ. യശ്വന്ത് സിൻഹ പാർലമെന്റിൽ ബഡ്ജറ്റ് അവതരിപ്പിച്ചാൽ ആ ബഡ്ജറ്റിലെ കയറ്റുമതി നയവും ഇറക്കുമതിനയവും ഏറ്റവും കൂടുതൽ പ്രത്യാഘാതമുണ്ടാക്കുന്നത് കേരളസംസ്ഥാനത്തെ ആയിരിക്കും. ഈ ബഡ്ജറ്റിന്റെ ചർച്ചയ്ക്ക് മുൻപായി ഇന്ത്യയിലെ ഒട്ടുമിക്ക സംസ്ഥാനങ്ങളിലേയും

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രിമാർ, ധനകാര്യമന്ത്രിമാർ കേന്ദ്രത്തിൽ പോയി, ഡൽഹിയിൽ പോയി പ്രധാനമന്ത്രിയെ കണ്ട്, കേന്ദ്ര ധനകാര്യമന്ത്രിയെ കണ്ട് അതാത് സംസ്ഥാനങ്ങളുടെ ആവശ്യങ്ങൾ കേന്ദ്രത്തിലെ ബഡ്ജറ്റിൽ ഉണ്ടാകേണ്ട കാര്യങ്ങളെക്കുറിച്ചുള്ള അവരുടെ അഭിപ്രായങ്ങൾ പറഞ്ഞു. ഈ ബഡ്ജറ്റ് സമ്മേളനകാലത്ത് നിങ്ങൾ എന്തു ചെയ്തു ? നിങ്ങൾ കേന്ദ്രത്തിലേയ്ക്ക് കത്തയച്ചുവെന്ന് പറയുന്നു. കത്തും ഫാക്സും ആണോ ഒരു സംസ്ഥാന ഗവൺമെന്റ് ഇത്രയും ഗുരുതരമായ ജീവൽ പ്രശ്നം പരിഹരിക്കാൻ സ്വീകരിക്കേണ്ടത് ? നിങ്ങൾ കൃത്യവിലോപം കാണിച്ചു. നിങ്ങൾ ആ സമയത്ത് തെരഞ്ഞെടുപ്പ് പ്രവർത്തനമായിരുന്നു. നിങ്ങൾക്ക് അന്ന് മുന്നേറ്റയാത്ര. അതുപോലെ തന്നെ മറ്റ് യാത്രകളുമായി നിങ്ങൾ നടന്നു. ഡൽഹിയിൽ പോയി ഈ പ്രശ്നങ്ങൾ അവതരിപ്പിക്കുന്നതിനുപകരം നിങ്ങൾ ഈ സംസ്ഥാനത്ത് ചുറ്റിക്കറങ്ങുകയായിരുന്നു. തെരഞ്ഞെടുപ്പ് മുന്നിൽ കണ്ടുകൊണ്ട് നിങ്ങൾ ഈ രാജ്യം മുഴുവൻ ഓടിനടന്ന് ഉത്ഘാടനങ്ങളും ശിലാസ്ഥാപനങ്ങളും നടത്തുകയായിരുന്നു. ഇന്നലെപ്പോലും ഈ നിയമസഭയിൽ മന്ത്രിമാർ പലപ്പോഴും മുഖം കാണിച്ച് പോകുകയായിരുന്നു. തിരുവനന്തപുരം നഗരത്തിൽ ഇന്നലെ ശിലാസ്ഥാപനങ്ങളുടേയും ഉത്ഘാടനങ്ങളുടേയും ആഘോഷ പരമ്പരയായിരുന്നു. നിങ്ങൾക്ക് ഈ ഗുരുതരമായ പ്രശ്നം കേന്ദ്രത്തിൽ അവതരിപ്പിക്കുവാൻ സമയമില്ലായിരുന്നു. കത്തയയ്ക്കാനും ഫാക്സ് അയയ്ക്കാനും മാത്രമേ സമയമുണ്ടായിരുന്നുള്ളൂ. നിങ്ങൾ ഈ ഗുരുതരമായ പ്രശ്നം ലഘുവായി കണ്ടു. അതുമാത്രമല്ല ഈ സംസ്ഥാന ഗവൺമെന്റിന്റെ പ്രഖ്യാപനങ്ങൾ നടപ്പാക്കിയില്ല. 5000 ടൺ റബ്ബർ കയറ്റി അയയ്ക്കും, 5000 ടൺ ബഫർ സ്റ്റോക്ക് ഉണ്ടാകും എന്നൊക്കെ ബഹുമാന്യനായ കൃഷ്ണൻ കണിയാംപറമ്പിൽ ഈ അസംബ്ലിയിൽ പറഞ്ഞതാണ്.. നിങ്ങൾ എന്ത് ചെയ്തു ? നിങ്ങളുടെ വാഗ്ദാനം വെറും കടലാസ് വാഗ്ദാനമായില്ലേ ? മുഖ്യമന്ത്രിയും ഭക്ഷ്യവകുപ്പുമന്ത്രിയും ഒരു മന്ത്രിസഭായോഗത്തിനുശേഷം പത്രക്കാരോട് മന്ത്രിസഭാ തീരുമാനങ്ങൾ വിശദീകരിക്കുന്നത് ഞാൻ സന്ദർഭവശാൽ ടി. വി. യിൽ കണ്ടു, ധനകാര്യമന്ത്രിയുമുണ്ടായിരുന്നു. കൊപ്ര മാത്രമല്ല ചരിത്രത്തിലാദ്യമായി ഞങ്ങൾ പച്ചത്തേങ്ങയും വാങ്ങാൻ പോകുന്നു. 4 രൂപ 50 പൈസയ്ക്ക് പച്ച തേങ്ങയും വാങ്ങും എന്നാണ് ഇവിടെ പ്രഖ്യാപിച്ചത്. എന്ത് പ്രഖ്യാപനം ? എവിടെ എങ്കിലും സംഭരിച്ചിട്ടുണ്ടോ ? എത്ര സംഭരിച്ചു ? ജനങ്ങളുടെ ഓർമ്മശക്തി വളരെ ഹ്രസ്വമാണെന്നുള്ള ധാരണയിൽ ജനങ്ങളോട് വാക്കു പറഞ്ഞ്, പ്രഖ്യാപനം നടത്തി പറ്റിക്കുകയായിരുന്നില്ലേ ? ഇതിനേക്കാൾ ജനവഞ്ചനയുണ്ടോ ? നെല്ലിന്റെ കാര്യം ഇവിടെ പറഞ്ഞു. കുട്ടനാടൻ പ്രദേശത്ത് കൊയ്ത്ത് കഴിഞ്ഞു. ഇനി കുറച്ചു കൊയ്ത്തു മാത്രമേയുള്ളൂ. സംഭരണത്തിന് വേണ്ടി നിങ്ങൾ ചെല്ലുമ്പോൾ ഒരു പക്ഷേ അതിന്റെ പ്രയോജനം കിട്ടാൻ പോകുന്നത് കച്ചവടക്കാർക്കായിരിക്കും. കച്ചവടക്കാർക്ക് പ്രയോജനം ഉണ്ടാക്കാനാണ് നിങ്ങളുടെ പരിപാടി. സമയം തെറ്റിച്ച്, കാലം തെറ്റിച്ച് ഇവിടത്തെ കൊയ്ത്തെല്ലാം കഴിഞ്ഞതിനുശേഷം നിങ്ങൾ 700 രൂപയ്ക്ക് നെല്ല് സംഭരിക്കാൻ ചെല്ലുമ്പോൾ നെല്ലെല്ലാം കച്ചവടക്കാരുടെ ഗോഡൗണുകളിലായിരിക്കും. ആ കച്ചവടക്കാരിൽ നിന്നും ആണോ അങ്ങ് നെല്ല് വാങ്ങാൻ പോകുന്നത് ? കച്ചവടക്കാരെ

LIBRARY ARCHIVES Kerala Legislative Assembly

സഹായിക്കുകയാണോ ഈ സഹകരണ നയം ? ഇത് തെറ്റാണ്. ഇത് കൃഷിക്കാരെ സഹായിക്കലല്ല. നിങ്ങൾ നികുതി ഏകീകരിക്കാൻ പോയി. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി നികുതി ഏകീകരിക്കുന്ന പ്രഖ്യാപനം നടത്തി ; നിയമം കൊണ്ടുവന്നു. നികുതി ഏകീകരണത്തിന്റെ പേരിൽ രണ്ടര ശതമാനം ഉണ്ടായിരുന്ന റബ്ബറിന്റെയും വെളിച്ചെണ്ണയുടേയും നികുതി അങ്ങ് 4 ശതമാനമായിട്ട് വർദ്ധിപ്പിച്ചു. നികുതി ഏകീകരണത്തിന്റെ പേരിൽ രണ്ടര ശതമാനം എന്നുള്ളത് നാല് ശതമാനമാക്കി. 27 ഇനം രാസവളങ്ങൾക്ക് രണ്ടര ശതമാനം നികുതി ഉണ്ടായിരുന്നത് 4 ശതമാനമായിട്ട് വർദ്ധിപ്പിച്ചു. നിങ്ങളുടെ നയങ്ങൾ, പ്രഖ്യാപനങ്ങൾ കടലാസ് പ്രഖ്യാപനങ്ങളാണ്. നികുതി ഏകീകരണത്തിന്റെ പേരിൽ കേരളത്തിലെ കർഷകർ കൊടുക്കേണ്ട നികുതി നിങ്ങൾ കൂടുതൽ വർദ്ധിപ്പിച്ചു. ഇതല്ലേ നിങ്ങൾ ചെയ്തിട്ടുള്ളത് ? കേരളത്തിലെ കർഷകരുടെ താൽപര്യങ്ങൾ നിങ്ങൾ ബലികഴിച്ചു. ഡൽഹിയിൽനിന്നും സംരക്ഷിക്കപ്പെടേണ്ട കാര്യങ്ങൾ സംരക്ഷിച്ചിട്ടുമില്ല. പ്രതിപക്ഷത്തെക്കൂടി വിളിച്ചുകൊണ്ട്, ഒരുമിച്ച്, സംയുക്തമായി ഒരു ആൾ പാർട്ടി ഡെലിഗേഷൻ പോകാനുള്ള വിശാല മനഃസ്ഥിതി നിങ്ങൾ കാണിച്ചില്ല. റബ്ബർ, നാളികേരം, നെല്ല് എന്നിവയുടെ കാര്യത്തിൽ എല്ലാം നിങ്ങളുടെ പ്രഖ്യാപനങ്ങൾ വെറും കടലാസ് പ്രഖ്യാപനങ്ങളായി. നികുതി ഏകീകരണത്തിന്റെ പേരിൽ നിങ്ങൾ കർഷകന്റെമേൽ അധിക നികുതി അടിച്ചേൽപ്പിച്ചു. കാർഷികമേഖലയിലെ പ്രതിസന്ധി പരിഹരിക്കാൻ നിങ്ങൾ ആത്മാർത്ഥമായി യാതൊരു നടപടിയും സ്വീകരിക്കാത്ത സാഹചര്യത്തിൽ ഈ സഭ അവസാനിക്കുന്ന ഘട്ടത്തിൽ ഈ സഭയിലല്ലേ ഞങ്ങൾ ഈ പ്രശ്നം ഉന്നയിക്കേണ്ടത് ? ബഹുമാനപ്പെട്ട കെ. എം. മാണി ഇവിടെ അടിയന്തിര പ്രമേയം കൊണ്ടുവന്ന അവസരത്തിൽ അതിന്റെ മറുപടിയുടെ തുടക്കംതന്നെ, ഈ പ്രശ്നത്തെ ലഘൂകരിച്ചുകൊണ്ട് നമുക്ക് അടുത്ത സഭയിൽ ചർച്ച ചെയ്യാം എന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. ഞാൻ അതിനു മറുപടി പറയുന്നില്ല. ബഹുമാനപ്പെട്ട കൃഷ്ണൻ കണിയാംപമ്പിൽ, അങ്ങ് ഇത്രയുമായിട്ടും, ഈ അവസാന കാലത്തും നന്നാകുന്ന ലക്ഷണം കാണുന്നില്ല. എനിക്ക് ദുഃഖമുണ്ട്. ഏതെങ്കിലും പ്രശ്നം അസംബ്ലിയിൽ ഉന്നയിച്ചാൽ പ്രകോപനത്തിന്റെ ഭാഷയിൽ സംസാരിക്കുന്നത് ഒരു മന്ത്രിക്ക് ഭൂഷണമല്ല. മന്ത്രി സംയമനം പാലിക്കണം. ഇത്രയും നാൾ, ഞാൻ പലപ്പോഴും അങ്ങയോട് പറഞ്ഞിട്ടും അങ്ങ് നന്നാകുന്ന ലക്ഷണമില്ല. ഇനി പറഞ്ഞിട്ട് കാര്യമില്ല. ഏതായാലും കർഷകന്റെ പ്രശ്നത്തിൽ, നാളികേരം, റബ്ബർ, നെല്ല്, കാപ്പി, തേയില, അടയ്ക്ക, കുരുമുളക്, ഇഞ്ചി, കൊക്കോ തുടങ്ങിയ സമസ്തമേഖയിലേയും കൃഷിക്കാർ കണ്ണീർ കുടിക്കുമ്പോൾ, ഈ പ്രശ്നങ്ങൾ ഉന്നയിച്ചപ്പോൾ നിങ്ങൾ ഈ പ്രശ്നങ്ങളോട് കാണിച്ച മനുഷ്യത്വമില്ലാത്ത, മര്യാദയില്ലാത്ത, ദയയില്ലാത്ത, കാരുണ്യമില്ലാത്ത നിങ്ങളുടെ പ്രതികരണത്തിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് നടത്തുകയാണ്.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ. കെ. ആന്റണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജി : സർ, വളരെ ലാഘവ ബുദ്ധിയോടുകൂടിയാണ് ബഹുമാനപ്പെട്ട മന്ത്രി കേരളത്തിലെ ബഹുഭൂരിപക്ഷം

LIBRARY ARCHIVES Kerala Legislative Assembly

വരുന്ന കൃഷിക്കാരെ സംബന്ധിച്ച് ഇവിടെ മറുപടി പറഞ്ഞത്. ഞാൻ അതിൽ ദു:ഖിക്കുകയാണ്. ഇൻഡ്യാ ഗവൺമെന്റിൽ വേണ്ടത്ര സമ്മർദ്ദം ചെലുത്താനോ. അവിടെനിന്നും അവകാശങ്ങൾ വാങ്ങിയെടുക്കാനോ ഒരു പ്രായോഗിക പദ്ധതിയും ഈ ഗവൺമെന്റ് ഞങ്ങളുടെ മുൻപിൽ വച്ചിട്ടില്ല. എന്തുവേണമെങ്കിലും ഞങ്ങൾ ചെയ്യാൻ തയ്യാറാണ്. 'ഉണ്ടോട്ടെ പണ്ടാഴി, ഉണ്ടിട്ടില്ലിത്രനേരവും' എന്ന് കവി പാടിയതു പോലെ യാതൊരു സംഭവും ഇവിടെ നടന്നിട്ടില്ല. ഇത്ര ലാഘവബുദ്ധിയോടുകൂടി ഈ പ്രശ്നം കാണുമെന്ന് ഞാൻ പ്രതീക്ഷിച്ചതല്ല. ഞാൻ ഒരു കൃഷിക്കാരനാണ്; കൃഷിക്കാരന്റെ പ്രയാസം മനസ്സിലാക്കിയവനാണ്. ഇവിടെ പരാമർശിക്കപ്പെട്ട വിഷയം ഇത്ര ലാഘവബുദ്ധിയോടുകൂടി കാണുന്ന ഒരാളല്ല ഞാൻ. ഒരു ആൾ പാർട്ടി നിവേദകസംഘം കേന്ദ്രത്തിൽ പോയോ ? ഇൻഡ്യാ ഗവൺമെന്റിന്റെ തെറ്റായ നയങ്ങൾക്കെതിരായി ഗവൺമെന്റിനെ പൂർണ്ണമായും ബോധ്യപ്പെടുത്തിയോ? ഇല്ല. കേരളത്തിലെ കൃഷിക്കാരുടെ ഇന്നത്തെ ദുർഘട പ്രതിസന്ധിയെ സംബന്ധിച്ച് മനസ്സിലാക്കിക്കൊടുക്കുന്ന കാര്യത്തിൽ ശക്തിമത്തായ ഒരു സമീപനം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. എ. വി. അബ്ദുറഹിമാൻ ഹാജിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

ശ്രീ. കെ. എം. മാണി : സർ, ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സംസാരിച്ചപ്പോൾ പറഞ്ഞത്.....

മി. സ്പീക്കർ : അദ്ദേഹം സംസാരിക്കട്ടെ, അദ്ദേഹം തന്നെ ഇതിന്റെ അവതാരകൻ. അവർ സ്നേഹംകൊണ്ട് പറയുന്നതാണ്.

ശ്രീ. കെ. എം. മാണി : ഞാൻ പറയുന്നതിൽ അവർക്ക് കുറച്ച് അസഹിഷ്ണുതയുണ്ട് എന്ന് എനിക്കറിയാം. ഞാൻ ഒരു ചോദ്യം ചോദിക്കുകയുണ്ടായി. അതിന് അങ്ങ് മറുപടി പറഞ്ഞത്, കാർഷിക പ്രശ്നങ്ങൾ ഓരോന്നും വസ്തുനിഷ്ഠമായി പഠിച്ച് അങ്ങ് നിവേദനം നടത്തിയിട്ടുണ്ട്; അതനുസരിച്ച് വിലയിരുത്തിയിട്ടുണ്ട് എന്നാണ്. 21-12-2000-ൽ റൂൾ 300 അനുസരിച്ച് ഈ നിയമസഭയിൽ ഒരു സ്റ്റേറ്റ്മെന്റ് വച്ചു. അതിലെ ഒരു വാചകം ഞാൻ വായിക്കാം. റബ്ബറിനോടൊപ്പം തേയിലയും കാപ്പിയും കാർഷികവിളകളായി പ്രഖ്യാപിച്ച് 100 ശതമാനം ഇറക്കുമതി ചുങ്കം ചുമത്തണം. അങ്ങേയ്ക്ക് രണ്ട് തെറ്റ് വന്നു. ഇത് വസ്തുതാപരമായി ശരിയല്ല. റബ്ബറിനോടൊപ്പം തേയിലയും കാപ്പിയും കാർഷിക വിളകളാക്കണം. ഇപ്പോൾത്തന്നെ തേയിലയും കാപ്പിയും കാർഷിക വിളകളായിട്ടാണ് ഡബ്ലിയു.റ്റി.ഒ. പരിഗണിച്ചിരിക്കുന്നത്. അത് മിസ്റ്റേക് നമ്പർ വൺ. രണ്ടാമത് അങ്ങ് പറഞ്ഞിരിക്കുന്നത് 100 ശതമാനം ഇറക്കുമതി ചുങ്കം ചുമത്തണം. ഇപ്പോൾത്തന്നെ ഇതിന്റെ പരമാവധി ചുങ്കം എന്നുപറയുന്നത്, കോഫി ബീൻസിന് 116 ശതമാനമാണ്. ഇൻസ്റ്റന്റ് റ്റീ 150 ശതമാനമാണ്. അപ്പോൾ 116-ഉം 150-ഉം ശതമാനം ചുങ്കം ചുമത്താമെന്നിരിക്കെ കേരള ഗവൺമെന്റിന്റെ അഭിപ്രായം 100 ശതമാനം ചുമത്തണം എന്നാണ്. ഈ നിലയ്ക്ക് യാതൊരു എത്തുംപിടിയുമില്ലാതെ, ഒരു പ്രശ്നത്തെപ്പറ്റി പഠിക്കാതെ, ശരിയായി

LIBRARY ARCHIVES Kerala Legislative Assembly

അപഗ്രഥിക്കാതെ ഈ ഗവൺമെന്റ്, അല്ലെങ്കിൽ നിങ്ങൾ ചെയ്യുന്ന തെറ്റുകളാണ് ഈ കുഴപ്പങ്ങൾ മുഴുവനും ഉണ്ടാക്കുന്നത്. നിങ്ങൾ ഒരു പ്രശ്നത്തെപ്പറ്റി പഠിക്കാതെ നിലപാടുകൾ സ്വീകരിക്കുന്നു; വെറുതെ പ്രസംഗിക്കുന്നു. നിയമസഭയിൽ ഇങ്ങനെ ചെയ്യാൻ പാടില്ല. ഇത് കേന്ദ്രഗവൺമെന്റിൽ പോകുന്ന ഡോക്കുമെന്റ് സാണ്. നിങ്ങൾ വെറും തെറ്റുകൾ പറഞ്ഞ് ഒരു അടിസ്ഥാനവുമില്ലാതെ കാര്യങ്ങൾ പറഞ്ഞുകൊണ്ടിരിക്കുകയാണ്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, നിങ്ങളുടെ മെമ്മോറാണ്ടങ്ങൾ ഒക്കെ തെറ്റിപ്പോയി. ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ രണ്ടു കാര്യങ്ങൾ സമ്മതിച്ചു. കേരഫെഡ് നടത്തിയ കൊപ്ര സംഭരണത്തിൽ അഴിമതി നടന്നു എന്ന് അങ്ങ് സമ്മതിച്ചു. രണ്ടാമത് അങ്ങ് പറയുന്നു, ആന്ധ്രയിൽനിന്നും കുറഞ്ഞവിലയ്ക്ക് നെല്ല് കുട്ടനാട്ടിലേയ്ക്ക് വരുന്നു. അതുകൊണ്ട് കൊയ്ത്തുകാലത്ത് കുട്ടനാട്ടിലെ വിലയിടിയുന്നു. അപ്പോൾ ഭാവനയുള്ള ഒരു ഗവൺമെന്റാണെങ്കിൽ എന്തുചെയ്യണം ? കുട്ടനാടൻ നെല്ല് സംഭരിക്കണം. നിങ്ങൾ നെല്ല് സംഭരണം നടത്തിയിട്ടില്ല ; നിങ്ങൾ കൊപ്ര ഫലപ്രദമായി സംഭരണം നടത്തിയിട്ടില്ല ; പച്ച തേങ്ങ സംഭരണം നടത്തിയിട്ടില്ല ; റബ്ബർ സംഭരണം നടത്തിയിട്ടില്ല. എല്ലാം വെറും ഒരു പ്രഹസനം മാത്രം. കൃഷിക്കാരോട് പ്രതിബദ്ധതയില്ലാത്ത, കൃഷിക്കാരെ ദ്രോഹിക്കുന്ന ഒരു ഗവൺമെന്റാണിത്. പതിനൊന്നാം കേരള നിയമസഭയിൽ ഇതുസംബന്ധിച്ച് ചർച്ചവരും എന്ന് അങ്ങ് പറഞ്ഞല്ലോ. ഈ കർഷകദ്രോഹ നയങ്ങൾ തിരുത്തിക്കും ; യാതൊരു സംശയവുമില്ല. എന്ത് പറഞ്ഞാലും നിങ്ങൾക്ക് ഉത്തരമില്ല; എന്തു പറഞ്ഞാലും നിങ്ങൾക്ക് നടപടികൾ ഇല്ല. അതുകൊണ്ട് ഈ ഗവൺമെന്റിന്റെ കർഷകദ്രോഹ നടപടികൾക്ക് എതിരെ പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി)

പ്രൊഫ. എ. വി. താമരാക്ഷൻ : സംസ്ഥാന ഗവൺമെന്റിന്റെ കർഷക ദ്രോഹ നടപടികളുടെ ഏറ്റവും അവസാനത്തെ ഉദാഹരണമാണ് ഈ പ്രശ്നം ചർച്ച ചെയ്യാൻ അനുവദിക്കാത്ത ഗവൺമെന്റ് നിലപാട്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം ഒരു വർഷം 6,600-ൽപ്പരം കോടിരൂപയുടെ നഷ്ടമാണ് കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവുമൂലം ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇൻഡ്യയിൽ ഇത്രയേറെ പ്രതിസന്ധിനേരിടുന്ന വേറെ ഒരു സംസ്ഥാനവുമില്ല. എന്തുകൊണ്ടെന്നാൽ 92 ശതമാനം റബ്ബർ ഉൽപ്പാദിപ്പിക്കുന്ന സംസ്ഥാനമാണ് കേരളം. 55 ശതമാനം നാളികേരം കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്നു. അതുപോലെതന്നെ തേയിലയും ഏലവും കാപ്പിയും മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറ്റവും കൂടുതൽ ഉൽപ്പാദിപ്പിക്കുന്ന സംസ്ഥാനം കേരളമാണ്. അങ്ങനെയുള്ള ഒരു സംസ്ഥാനത്തിന്റെ സാമ്പത്തിക അടിത്തറ തകർക്കുന്ന നടപടിയാണിത്. ഈ രംഗത്ത് അതിന്റെ ഗൗരവം മനസ്സിലാക്കിക്കൊണ്ട് ഗവൺമെന്റ് പ്രവർത്തിച്ചോ ? ഒരു സംസ്ഥാനത്തിന്റെ നിലനിൽപ്പിനെ ബാധിക്കുന്ന പ്രശ്നമുണ്ടായാൽ അതിന്റെ ഗൗരവം കണക്കിലെടുത്ത് മറ്റ് സംസ്ഥാന മുഖ്യമന്ത്രിമാർ യോഗം വിളിച്ചുകൂട്ടി കേന്ദ്രനയം തിരുത്തുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

നടപടി സ്വീകരിക്കണം. അത് ചെയ്തോ ? സംസ്ഥാനത്തെ ബഹുഭൂരിപക്ഷം ജനങ്ങളെ ബാധിക്കുന്ന , സംസ്ഥാനത്തിന്റെ നിലനിൽപ്പിനെ ബാധിക്കുന്ന പ്രശ്നമുണ്ടായപ്പോൾ മറ്റ് സംസ്ഥാന മുഖ്യമന്ത്രിമാരെയടക്കം വിളിച്ചുകൂട്ടി അതിനെ ദേശീയ തലത്തിൽ കൊണ്ടുവരേണ്ടത് കേരളത്തിലെ മുഖ്യമന്ത്രിയല്ലേ ? റോമാനഗരം കത്തിയെരിഞ്ഞപ്പോൾ വീണ വായിച്ച നീറോ ചക്രവർത്തിയെക്കുറിച്ച് കേട്ടിട്ടുണ്ട്. അതിനെപ്പോലും ലജ്ജിപ്പിക്കുന്ന തരത്തിലാണ് ഇവിടെ പ്രവർത്തിച്ചത്. ഇവിടെനിന്ന് ഫാക്സ് അയച്ചാൽ കാര്യം നടക്കുമോ ? ഞങ്ങൾ കേന്ദ്രത്തിൽ പോയപ്പോൾ കേന്ദ്ര മന്ത്രിമാർ ഞങ്ങളോടു ചോദിച്ചു, ആന്ധ്രായും കർണാടകയും തമിഴ്നാടും കാണിക്കുന്ന താൽപ്പര്യം എന്തുകൊണ്ട് നിങ്ങളുടെ ഗവൺമെന്റ് കാണിച്ചില്ലായെന്ന്. ഇപ്പോൾ മന്ത്രി പറയുന്നു. എല്ലാം സംഭരിക്കുമെന്ന്. കാശുണ്ടോ സംഭരിക്കാൻ ? റബ്ബർ സംഭരിക്കും, നാളികേരം സംഭരിക്കും എന്നൊക്കെ പറയുന്നു. എവിടെനിന്ന് സംഭരിക്കും ? ഞാൻ വരുന്നത് ആലപ്പുഴ ജില്ലയിലെ കുട്ടനാടൻ മേഖലയിൽ നിന്നാണ് . അവിടത്തെ നെൽകൃഷിക്കാർ ഇപ്പോൾ വിഷമിക്കുകയാണ്. നെല്ല് സംഭരിക്കുമെന്ന് പറഞ്ഞു. കാശുണ്ടോ സംഭരിക്കാൻ ? ഈ തരത്തിൽ കേരളത്തിലെ കൃഷിക്കാരുടെ പ്രശ്നം, ഈ സംസ്ഥാനത്തിന്റെ നിലനിൽപ്പിന്റെ പ്രശ്നം ചർച്ച ചെയ്യണമെന്ന് പറഞ്ഞിട്ട് അതിന് തയ്യാറാകാത്ത, ഈ ഗവൺമെന്റിന്റെ രാജ്യദ്രോഹപരമായ സമീപനത്തിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റിന്റെ നിലാപാടിൽ പ്രതിഷേധിച്ച് പ്രൊഫ. എ. വി. താമരാക്ഷനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭവിട്ട് പുറത്തുപോയി)

ശ്രീ. ടി. എം. ജേക്കബ് : ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞപ്പോൾ ആദ്യം പറഞ്ഞകാര്യം എത്രയോ പ്രാവശ്യം ഈ സഭയിൽ ഈ വിഷയം ചർച്ച ചെയ്തിട്ടുണ്ട് എന്നാണ്. ചർച്ച ചെയ്ത ഈ പ്രശ്നത്തിൽ എന്ത് മാറ്റമാണ് കാർഷിക മേഖലയിൽ ഉണ്ടാക്കാൻ ശ്രീ. കൃഷ്ണൻ കണിയാംപറമ്പിലിന് കഴിഞ്ഞത്? ചില കാര്യങ്ങൾ വസ്തുതകൾക്ക് നിരക്കാത്തതാണ്. നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം റബ്ബറും നാളികേരവും സംസ്ഥാനത്തിന്റെ മൊണോപ്പളിയാണെന്ന് പറയാം. അതുപോലെതന്നെ സ്പൈസസിൽ പല ഇനങ്ങളും. ഇന്ന് കേരളത്തിൽ കാർഷികോൽപ്പന്നങ്ങളിൽ എന്തെങ്കിലും ന്യായമായ വില കിട്ടുന്ന ഉൽപ്പന്നം ഏലം മാത്രമാണ്. അതും പൂർണ്ണമായും അങ്ങനെ പറയാൻ സാദ്ധ്യമല്ല. ഏലകൃഷിയുടെ വ്യാപ്തിയും കുറഞ്ഞിട്ടുണ്ട്. ബാക്കി ഏതെങ്കിലും ഒരു കാർഷിക വിളയ്ക്ക് ഈ സംസ്ഥാനത്ത് ന്യായമായ വില കിട്ടുന്നുണ്ടെന്ന് മന്ത്രിക്ക് പറയാൻ കഴിയുമോ ? അദ്ദേഹം ഈ സഭയിൽത്തന്നെ ഒരു പ്രഖ്യാപനം നടത്തി. പൊതിക്കാത്ത നാളികേരം സംഭരിക്കുമെന്നുള്ള പ്രഖ്യാപനം എടുക്കുന്നുണ്ട്. മന്ത്രി നിയമസഭയിൽ തന്ന ഉത്തരം പറയാം. പ്രാഥമിക സഹകരണസംഘങ്ങൾ വഴി പ്രൊക്യൂർമെന്റ് നടത്തുമെന്നാണ് പറഞ്ഞത്. കേരളത്തിൽ അയ്യായിരത്തിലേറെ പ്രാഥമിക സഹകരണ സംഘങ്ങളുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഈ സഭയിൽ നൽകിയ കണക്കനുസരിച്ച് 69 പ്രാഥമിക സഹകരണ സംഘങ്ങൾ വഴിയാണ് നിങ്ങൾ വാങ്ങുന്നത്. അയ്യായിരത്തോളം പ്രാഥമിക സഹകരണ സംഘങ്ങൾ കേരളത്തിൽ

LIBRARY ARCHIVES Kerala Legislative Assembly

ഉള്ളപ്പോൾ ഈ സംസ്ഥാനത്ത് വാങ്ങുന്നത് 69 പ്രാഥമിക സഹകരണ സംഘങ്ങൾ വഴിയാണ്. നിങ്ങളുടെ പ്രഖ്യാപനവും നടപ്പിലാക്കുന്ന രീതിയും എത്ര വ്യത്യസ്തമാണ്. മന്ത്രിയുടെ മറുപടിയാണ് ഞാൻ പറയുന്നത്. നിങ്ങൾക്ക് എന്ത് ആത്മാർത്ഥതയാണുള്ളത് ? 69 പ്രാഥമിക സഹകരണ സംഘങ്ങളെന്ന് പറഞ്ഞാൽ എത്ര പഞ്ചായത്തുകളുണ്ട് ? കേരളത്തിൽ ആയിരത്തിലേറെ പഞ്ചായത്തുകളില്ലേ ? നിങ്ങളുടെ കണക്കനുസരിച്ച് 40 ലക്ഷം നാളികേര കൃഷിക്കാർ ഉണ്ടല്ലോ. ഇത്രയും കൃഷിക്കാരുള്ള കേരളത്തിൽ എവിടെയെങ്കിലും എട്ട് -പത്ത് സഹകരണ സംഘങ്ങളിൽ പൊതിക്കാത്ത നാളികേരം വാങ്ങിയാൽ കേരളത്തിലെ കൃഷിക്കാരന്റെ പ്രശ്നം പറയാൻ സാധിക്കുമോ ? 'നബാർഡ്' കാണിച്ച തലതിരിഞ്ഞ ഏർപ്പാടെന്താണ് ? കേരളത്തിലെ കൊപ്ര സംഭരണം-കൊള്ളയല്ലേ ഇവിടെ നടത്തിയത് ? ഇടത്തട്ടുകാരന്റെ ചൂഷണം. കൃഷിക്കാരന്റെ പേരിൽ അവിടെയും ചൂഷണം. മുഖ്യമന്ത്രി അവിടെയിരുന്ന് പത്രം വായിക്കുകയാണ്. അദ്ദേഹത്തിന് ഞങ്ങൾ ആര് പറഞ്ഞാലും ഇഷ്ടമാവില്ല. ഇവിടെ ഇത്രയും വലിയ പ്രതിസന്ധിയുണ്ടായി. ഇപ്പോൾ മന്ത്രിസഭയുടെ കാലാവധി തീരാൻപോവുകയാണ്. ഇപ്പോഴും മലേഷ്യ ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ വിദേശയാത്രയ്ക്ക് പോകാൻ തയ്യാറായ മന്ത്രിമാരുണ്ട്. എന്ത് കാര്യമോ ആകട്ടെ. അങ്ങനെ വിദേശയാത്രയ്ക്ക് പോകാൻ തയ്യാറെടുത്ത് മന്ത്രിമാർ നിൽക്കുമ്പോൾ .....ഞാൻ മന്ത്രിയുടെ പേരൊന്നും പറയുന്നില്ല. അതിന് അവർക്ക് കാശുണ്ട്. ഒരു അഖിലകക്ഷി നിവേദക സംഘം ഡൽഹിയിൽ പോയി ഒരു കാര്യം പറയണമെന്ന് പറഞ്ഞാൽ മുഖ്യമന്ത്രിക്ക് കൂട്ടിക്കൊണ്ടുപോയാലെന്താണ് ? എല്ലാ കക്ഷികളുമില്ലേ ? ഞങ്ങൾ പോയി. ആൾ പാർട്ടി ഡെലിഗേഷനെടുത്തു. ഞങ്ങളാണ് കൂടുതൽ ആൾ പാർട്ടി ഡെലിഗേഷൻ കൊണ്ടുപോയത്. മുഖ്യമന്ത്രി ഞങ്ങളെയൊക്കെ കളിയാക്കുന്ന വർത്തമാനമാണ് പറയുന്നത്. അദ്ദേഹം പോയി പറഞ്ഞാൽ എല്ലാവർക്കും മനസ്സിലാകുമായിരിക്കും. ഇല്ലെന്ന് പറയുന്നില്ല. പക്ഷേ ബാക്കി എല്ലാവരേയും കൂട്ടിക്കൊണ്ടുപോയാലും കുഴപ്പമില്ല. മറ്റ് പല സ്റ്റേറ്റുകളും അങ്ങനെയാണ് ചെയ്യുന്നത്. ബംഗാളിൽ ചണകൃഷിക്കാർക്ക് ഒരു പ്രശ്നമുണ്ടായപ്പോൾ എന്താണ് ചെയ്തത് ? കാവേരി നദീജല തർക്കം വന്നപ്പോൾ മുഖ്യമന്ത്രി ജയലളിത ചാർട്ടർ ഫ്ളൈറ്റിലാണ് എല്ലാ കക്ഷികളേയും കൂട്ടിക്കൊണ്ട് ഡൽഹിയിൽ പോയത്. അതൊന്നും ഞങ്ങൾ പറയുന്നില്ല. നിങ്ങൾക്ക് എന്താണ് ഇതിൽ പ്രതിബദ്ധതയുള്ളത് ? നിങ്ങൾക്ക് കേരളത്തിലെ കൃഷിക്കാരോട് എന്ത് ആത്മാർത്ഥതയുണ്ട് ? ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ പറഞ്ഞു, ഒരു ലക്ഷം ടൺ റബ്ബർ ബഫർ സ്റ്റോക്കെടുത്തുവെന്ന്. പ്രൊക്യുവർ ചെയ്തോ ? എവിടെയാണ് ചെയ്തത് ? കേരളത്തിൽ 50,000 ടൺ റബ്ബർ പ്രൊക്യുവർ ചെയ്താൽ വില വർദ്ധിക്കും. സംശയമില്ല. ഇപ്പോൾ വില 22 രൂപ, 24 രൂപ നിരക്കിലല്ലേ ? കേരളത്തിലെ കൃഷിക്കാർക്കുവേണ്ടി നിങ്ങളെക്കൊണ്ട് ഒന്നും ചെയ്യാൻ കഴിഞ്ഞിട്ടില്ല. ശ്രീ. കെ. സി. ജോസഫിനൊക്കെ ഇത് കേൾക്കുമ്പോൾ ഇറിറ്റേഷനാണ്. ആയിക്കോ. നിങ്ങൾ കൃഷിക്കാരെ കുളിപ്പിച്ച് കുളിപ്പിച്ച് കൊച്ചില്ലാ എന്നു പറഞ്ഞതുപോലെ ആക്കിയിട്ടുണ്ട്. ആ രൂപത്തിൽ കേരളത്തിൽ കർഷകരെകൊണ്ടെത്തിച്ചല്ലോ. അതുകൊണ്ട് ശ്രീ.കൃഷ്ണൻ കണിയാംപറമ്പിൽ ഈ വകുപ്പിന്റെ ചുമതലയിൽ നിന്ന് മാറാതെ

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ കൃഷിക്കാരന് രക്ഷയില്ല. അദ്ദേഹത്തിന് ഇഷ്ടംപോലെ പ്രഖ്യാപനങ്ങൾ. ഏറ്റവും കൂടുതൽ പ്രഖ്യാപനം നടത്തിയതിന് അവാർഡ് കൊടുക്കുകയാണെങ്കിൽ ഈ മന്ത്രിസഭയിൽ അവാർഡ് കിട്ടേണ്ട മന്ത്രി ശ്രീ. കൃഷ്ണൻ കണിയാംപറമ്പിലാണ് എന്ന കാര്യത്തിൽ സംശയമില്ല. അദ്ദേഹത്തിന്റെ സഭയിലുള്ള പ്രഖ്യാപനം മാത്രമെടുത്താൽ മതി. അത്രയ്ക്കുള്ള പ്രഖ്യാപനങ്ങൾ നടത്തിയിട്ടുണ്ട്. ഈ പ്രഖ്യാപനങ്ങൾ നടത്തുമ്പോൾ ഒരു അപേക്ഷയുള്ളത് കൃഷിക്കാരന്റെ കാര്യംകൂടി നോക്കണമെന്നാണ്. കേരളത്തിലെ കൃഷിക്കാരനുവേണ്ടി ഒന്നും ചെയ്യാൻ കഴിയാത്ത ഗവൺമെന്റ് എന്നുള്ള നിലയിൽ ഈ ഗവൺമെന്റിന്റെ നിഷേധാത്മകമായ സമീപനത്തിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ടിൽ പങ്കെടുക്കുകയാണ്.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. ടി. എം. ജേക്കബും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭവിട്ട് പുറത്തുപോയി അൽപ്പസമയത്തിനുശേഷം പ്രതിപക്ഷാംഗങ്ങൾ വീണ്ടും സഭയിൽ ഹാജരായി)

III ശ്രദ്ധക്ഷണിക്കൽ

(1) സംസ്ഥാനം നേരിടുന്ന കുടിവെള്ളക്ഷാമം പരിഹരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. പി. പി. തങ്കച്ചൻ : റൂൾസിൽ ഒരു ദിവസം രണ്ട് അടിയന്തിര പ്രമേയാവതരണത്തിനുള്ള പ്രൊവിഷനുണ്ടെങ്കിൽ ഒരു പക്ഷേ ആദ്യത്തെ അടിയന്തിരപ്രമേയമായി അവതരിപ്പിക്കേണ്ട വിഷയമാണിത്.

മി. സ്പീക്കർ : ഈ സഭയുടെ ആദ്യകാലത്ത് ഒരുദിവസം 6 അടിയന്തിരപ്രമേയത്തിന് നോട്ടീസ് കിട്ടി. അപ്പോൾ സെലക്ഷൻ നടത്തി രണ്ടെണ്ണമെടുത്തിട്ടുണ്ട്.

ശ്രീ. പി. പി. തങ്കച്ചൻ : അടിയന്തിര പ്രമേയമായി അവതരിപ്പിക്കേണ്ട പ്രാധാന്യമുള്ള ഒരു വിഷയമാണിത്. ഈ വിഷയത്തിൽ ഏതായാലും ഉദാരവൽക്കരണവും ഗാട്ട് കരാറുമൊന്നും കടന്നുവരികയില്ല എന്നാണ് എന്റെ പ്രതീക്ഷ. നമ്മുടെ സംസ്ഥാനം ഇന്ന് അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ് കുടിവെള്ള ക്ഷാമം. വേനൽക്കാലമായതുകൊണ്ട് കുടിവെള്ളക്ഷാമം എല്ലാ പ്രദേശങ്ങളിലും രൂക്ഷമായിരിക്കുകയാണ്. ജനങ്ങൾക്ക് കുടിവെള്ളമെത്തിക്കേണ്ടത് ഒരു സർക്കാരിന്റെ പ്രാഥമിക ചുമതലയും കടമയുമാണ് എന്നാണ് ഞാൻ കരുതുന്നത്. എന്നാൽ ഈ രംഗത്ത് നമ്മുടെ സംസ്ഥാന ഗവൺമെന്റ് പരാജയപ്പെട്ടിരിക്കുന്നു എന്നു പറയുന്നതിൽ അതിയായ ഖേദമുണ്ട്. ശുദ്ധജലവിതരണത്തിനാവശ്യമായ ചെറുതും വലുതുമായ നിരവധി പദ്ധതികൾ നമ്മുടെ സംസ്ഥാനത്തുണ്ടെങ്കിലും പലതും കാലാവധിക്കുള്ളിൽ പൂർത്തിയാക്കാൻ കഴിഞ്ഞിട്ടില്ല. പൂർത്തിയാക്കിയവയുടെ പലതിന്റേയും ലക്ഷ്യം കൈവരിക്കാൻ കഴിഞ്ഞിട്ടില്ല എന്നതാണ് സ്ഥിതി. വാട്ടർ അതോറിറ്റിയുടെ കണക്ക് അനുസരിച്ച് നഗരങ്ങളിൽ 75 ശതമാനവും ഗ്രാമങ്ങളിൽ 53 ശതമാനവും ആളുകൾക്ക് ഇതിനകംതന്നെ കുടിവെള്ളം

LIBRARY ARCHIVES Kerala Legislative Assembly